50

# യെരുശലേമിലേക്കുള്ള യാത്ര

**വായനാ ഭാഗം #20**

VI. മൂന്നാമത്തെ പെസഹ മുതൽ യേശു ബെഥാന്യയിൽ എത്തുന്നതുവരെ (തുടർച്ച).

K. ഗലീലിയയിലെ അവസാന ഉപദേശം: സഹോദരന്മാർ തമ്മിലുള്ള പ്രശ്നങ്ങൾ (മത്താ. 18:15–35).

L. ശുശ്രൂഷ യെഹൂദ്യയിലേക്കു മാറ്റി (യോഹ. 7:1; മത്താ. 19:1 നോക്കുക).

1. കൂടാരപ്പെരുന്നാളിന് അല്ലെങ്കിൽ, സമാഗമനകൂടാരപ്പെരുന്നാളിന് പോകുവാൻ യേശുവിനോടു തന്റെ സഹോദരന്മാർ അപേക്ഷിച്ചു (യോഹ. 7:2–9).
2. യേശു രഹസ്യമായി യെരുശലേമിലേക്ക് യാത്ര തിരിച്ചു (ലൂക്കൊ. 9:51–56; യോഹ. 7:10).
3. വഴിയിൽ: ശിഷ്യത്വത്തെ പഠിപ്പിക്കുന്നു (ലൂക്കൊ. 9:57–62; മത്താ. 8:19–22 നോക്കുക).

M. യെരുശലേമിൽ: കൂടാരപ്പെരുന്നാൾ.

1. പെരുന്നാൾ മദ്ധ്യത്തിൽ: ദേവാലയത്തിൽ ഉപദേശിക്കുന്നു (യോഹ. 7:11–36).
2. പെരുന്നാളിന്റെ അവസാനദിവസം: ജീവജലത്തെ കുറിച്ച് ഉപദേശിക്കുന്നു (യോഹ. 7:37–52).
3. പെരുന്നാളിനുശേഷം: കൂടുതൽ ഉപദേശം.
   a. വ്യഭിചാരകുറ്റത്തിൽ പിടിക്കപ്പെട്ട സ്ത്രീ. (യോഹ. 7:53––8:11).

**മുഖവുര**

ഈ സത്യം-നിറഞ്ഞിരിക്കുന്ന പഠനം ഒരു മാറ്റത്തിന്റെ പാഠമാണ്, അത് വലിയ ഗലീലിയൻ ശുശ്രൂഷയുടെ അവസാനം മുതൽ പാലസ്തീനിന്റെ[1] എല്ലാ ഭാഗത്തും നടന്ന അവസാന ശുശ്രൂഷയുടെ ആരംഭം വരെ പോകുന്നു. ഈ അവസാന ശുശ്രൂഷ ഏതാണ്ട് ആറുമാസത്തോളമുണ്ടായിരുന്നു, കൂടാരപ്പെരുന്നാൾ മുതൽ പെസഹ വരെ നീളുന്നതായിരുന്നു.

ഈ ശുശ്രൂഷയ്ക്കുള്ള മുഖ്യ വാക്യം ലൂക്കൊസ് 9:51 ആണ്: “അവന്റെ സ്വർഗ്ഗാരോഹണനാൾ[2] അടുത്തിരുന്നപ്പോൾ, അവൻ യെരുശലേമിലേക്ക് പോകുവാൻ ഒരുങ്ങി.” ഗ്രീക്ക് വേദഭാഗം അക്ഷരീകമായി അർത്ഥമാക്കുന്നത് “തന്റെ സ്വർഗ്ഗാരോഹണം നിറവേറപ്പെടേണ്ട ദിവസം ആയപ്പോൾ, *അവൻ യെരുശലേമിലേക്കുപോകുവാൻ തന്റെ മുഖം തിരിച്ചു*” (കെജെവി നോക്കുക; എംഫസിസ് മൈൻ). യേശു യെഹൂദ്യ പെറിയ തുടങ്ങിയ സ്ഥലങ്ങളിലേക്ക് പോകുന്നുണ്ട്, എന്നാൽ എല്ലായ്പ്പോഴും അവന്റെ ചിന്തകൾ

യെരുശലേമിൽ[3] വരുവാനിരുന്ന അവന്റെ മരണത്തെ കുറിച്ചായിരുന്നു. ഉരുണ്ടുകൂടിയ തിന്മകൾക്കൊന്നും അവനെ പിന്തിരിപ്പിക്കുവാൻ കഴിഞ്ഞില്ല; അവൻ ആ ഇരുണ്ട സംഭവത്തിലേക്ക് ദൃഢനിശ്ചയത്തോടെ നീങ്ങി. ഒരു സമാന്തര പ്രയോഗം[4] പറയുന്നത് "ഉരുക്കുമനസ്സോടെ അവൻ യെരുശലേമിലേക്കു പോകുവാൻ ഒരുങ്ങി" എന്നാണ്.

### ശിഷ്യന്മാർക്കുവേണ്ട കരുതൽ
### (മത്താ. 18:15-35)

യജമാനനോടുകൂടെ നാം തെക്കോട്ടു സഞ്ചരിക്കുന്നതിനു മുൻപു, നാം നിന്ന് അവന്റെ വടക്കൻ ശുശ്രൂഷ അവസാനിപ്പിക്കേണ്ടതുണ്ട്. ദൈവരാജ്യത്തിൽ വലിയവൻ ആരായിരിക്കുമെന്ന് ശിഷ്യന്മാർക്കിടയിൽ ചൂടുപിടിച്ച വാദം ഉണ്ടായതാണ് അവന്റെ ഗലീലിയയിലെ അവസാന പ്രസംഗത്തിനു ഇടവരുത്തിയത് (മത്തായി 18:1; ലൂക്കൊസ് 9:46). യേശുവിന്റെ പ്രതികരണത്തിൽ ആദ്യഭാഗം ശിശുക്കളെ പോലെ ആയിതീരുന്നതിനെ കുറിച്ചായിരുന്നു, രണ്ടാം ഭാഗം മറ്റുള്ളവരുമായി എങ്ങനെ ഇടപെടണം എന്നായിരുന്നു. ആദ്യത്തെ വിഷയം നമ്മുടെ കഴിഞ്ഞ പാഠത്തിൽ നാം പഠിച്ചു; ഇപ്പോൾ നമുക്ക് രണ്ടാമത്തേത് പരിഗണിക്കാം.

#### കൂട്ടായ്മയെ കുറിച്ചുള്ള കരുതൽ (വാ. 15-20)

മറ്റുള്ളവർക്ക് എതിരെ പാപം ചെയ്യുന്നതിനെ കുറിച്ച് യേശു പറഞ്ഞു കഴിഞ്ഞു (മത്തായി 18:6; മർക്കൊസ് 9:42). ഇപ്പോൾ അവൻ ആ ചോദ്യത്തിന്റെ മറുവശം എടുത്തുകാണിപ്പാൻ തയ്യാറായി: അവന്റെ ശ്രോതാക്കൾ എതിരായി പാപം ചെയ്തുവെങ്കിലോ? അതിനുള്ള ഉത്തരം മത്തായി 18:15 എന്ന വാക്യമാണ്: "നിങ്ങളുടെ സഹോദരൻ തെറ്റുചെയ്താൽ,[5] അവന്റെ അടുക്കൽ ചെന്നു തെറ്റു ബോധ്യപ്പെടുത്തുക; അവൻ നിങ്ങളുടെ വാക്കു കേട്ടാൽ, നിങ്ങൾ സഹോദരനെ നേടി."[6]

"രഹസ്യത്തിൽ" എന്ന പദപ്രയോഗത്തിന് അടിവര ഇടുക; മൂലഗ്രന്ഥത്തിൽ "നിങ്ങളും അവനും തനിച്ചായിരിക്കുമ്പോൾ" എന്നാണ് (കെജെവി നോക്കുക). നിങ്ങളെ വൃണപ്പെടുത്തുന്നത് എന്തെങ്കിലും ഒരാൾ ചെയ്താൽ, നിങ്ങൾ അതിനെ വിപുലമാക്കുകയോ പരസ്യപ്പെടുത്തുകയോ ചെയ്യരുത്; മറിച്ച്, അതിനെ നിസ്സാരമാക്കുകയും രഹസ്യമാക്കുകയും ചെയ്യുക. ഗെയിൽ ഓലർ[7] ഇങ്ങനെ പറഞ്ഞു: "നിങ്ങൾ നിങ്ങളുടെ ഭർത്താവിനോടോ ഭാര്യയോടോ, നിങ്ങളുടെ സ്നേഹിതന്മാരോടൊ അല്ലെങ്കിൽ അയൽക്കാരോടൊ, മൂപ്പന്മാരോടൊ അല്ലെങ്കിൽ ഉപദേഷ്ടാവിനോടോ, അല്ലെങ്കിൽ പട്ടിയോടു പോലുമോ, പരാതി പറയുന്നതിനു മുൻപു *ആദ്യം* ആ വ്യക്തിയോടു നേരിട്ടു പോകണം."

നിങ്ങൾ ഇങ്ങനെ എതിർത്തേക്കാം, "എന്നാൽ അതു പ്രയാസമുള്ള കാര്യമാണ്!" അതെ, പ്രയാസമാണ്, എന്നാൽ അതാവശ്യവുമാണ്. ഈ കൽപന അനുസരിക്കുമ്പോൾ പൊട്ടിത്തെറിക്കുന്ന സാഹചര്യം ഒഴിവാകും. അതിനു വിപരീതമായി, ക്രിസ്തുവിന്റെ നിർദ്ദേശങ്ങൾ നാം അവഗണിച്ചാൽ – നാം ആ കാര്യം പരിഹരിക്കാതെ നമ്മുടെ അസന്തോഷം മറ്റുള്ളവരുമായി പങ്കിടുകയാണെങ്കിൽ – ആളുകൾ ഓരോ വശം ചേരും. അങ്ങനെ സംഭവിച്ചാൽ, ക്രിസ്തുവിന്റെ ശരീരത്തിന് വലിയ ഉപദ്രവം നേരിടും.

നിങ്ങൾക്കെതിരായി പാപം ചെയ്യുന്ന ഒരു സഹോദരന്റെ അടുക്കലേക്കു നിങ്ങൾ നല്ല മനോഭാവത്തോടെയാണ് പോകുന്നതെങ്കിൽ (ഗലാത്യർ 6:1), നിങ്ങൾക്ക് ആ പ്രശ്നം പൊതുവിൽ പരിഹരിക്കുവാൻ കഴിയും – എന്നാൽ എല്ലായ്പ്പോഴും കഴിയണമെന്നില്ല. അങ്ങനെയാകുമ്പോൾ, അടുത്തത് എന്തു ചെയ്യണമെന്ന യേശുവിന്റെ നിർദ്ദേശം പാലിക്കുക: "അവൻ നിങ്ങളെ കേൾക്കാഞ്ഞാൽ, രണ്ടോ മൂന്നോ പേരെ ചേർത്തുകൊണ്ടു പോയി പറയുക, രണ്ടോ മൂന്നോ സാക്ഷികളുടെ വാ മൊഴിയാൽ ഏതു കാര്യവും ഉറപ്പാകും" (മത്തായി 18:16). രണ്ടോ മൂന്നോ സാക്ഷികളുടെ ആവശ്യകതയെ കുറിച്ചു പഴയനിയമത്തിലും പുതിയ നിയമത്തിലും ഊന്നിപ്പറഞ്ഞിട്ടുണ്ട് (ആവർത്തനപുസ്തകം 19:15; 2 കൊരിന്ത്യർ 13:1). മുൻപു സംഭവിച്ചതിനെ കുറിച്ചുള്ള ഉൾക്കാഴ്ച്ച മറ്റുള്ളവർക്കു കൂട്ടിച്ചേർക്കുവാൻ കഴിഞ്ഞേക്കാം, അവർക്ക് ഒരുപക്ഷെ നിരപ്പിന്[8] അന്തരീക്ഷം ഒരുക്കുവാനും കഴിഞ്ഞേക്കാം, അവർക്ക് തീർച്ചയായും ആ കൂടിക്കാഴ്ച്ചയിൽ നടന്നത് പിന്നീടു സാക്ഷ്യപ്പെടുത്തുവാനും കഴിയും.

മറ്റുള്ളവരെ കൂട്ടിക്കൊണ്ടുപോയിട്ടും ഉദ്ദേശിച്ച ഫലമൊന്നും ഉണ്ടായില്ലെങ്കിലോ? യേശു പറഞ്ഞു, "അവൻ അവരെയും കേൾക്കാഞ്ഞാൽ, സഭയോടു അറിയിക്കുക; അവൻ സഭയെയും കേൾക്കാഞ്ഞാൽ, അവൻ നിങ്ങൾക്ക് പുറജാതിക്കാരനും ചുങ്കക്കാരനും ആയിരിക്കട്ടെ" (മത്തായി 18:17). "സഭ" എന്ന ക്രിസ്തു ഉപയോഗിച്ച വാക്ക് ഇവിടെ ശ്രദ്ധിക്കേണ്ടതാണ്.[9] രണ്ടദ്ധ്യായങ്ങൾക്കു മുൻപ്, അവൻ തന്റെ സഭയെ പണിയുമെന്നു പറഞ്ഞു (മത്തായി 16:18). വ്യക്തികളെ കൂട്ടായ്മയിലേക്കു ഉൾപ്പെടുത്തുവാനും കൂട്ടായ്മയിൽ നിന്ന് അകറ്റുവാനും കർത്താവിനാൽ അധികാരപ്പെടുത്തിയ ഒരു കൂട്ടം ആളുകളായി സഭയെ ഇപ്പോൾ ചിത്രീകരിച്ചിരിക്കുന്നു.

നാം അതു *എങ്ങനെ* "സഭയോടു അറിയിക്കണം" എന്നു പ്രത്യേകമായി യേശു പറഞ്ഞിട്ടില്ല. ചിലപ്പോൾ അതു പരസ്യാരാധനാ സമയത്തിനു പകരം പ്രത്യേകമായി അംഗങ്ങളുടെ യോഗം വിളിച്ച് അറിയിക്കാവുന്നതാണ്. ഒരു ഇടവകയ്ക്കു മൂപ്പന്മാർ ഉണ്ടെങ്കിൽ, ഇത്തരം കാര്യങ്ങൾ[10] വരുമ്പോൾ നന്നായി കൈകാര്യം ചെയ്യുവാൻ അവർക്കു കഴിയും.

എന്നെ ഏറ്റവും ആകർഷിച്ച പദപ്രയോഗം "അവൻ സഭയെയും കൂട്ടാക്കാഞ്ഞാലോ" എന്നതാണ്. അതിനർത്ഥം സഭ എടുത്ത തീരുമാനത്തെ പാപം ചെയ്ത വ്യക്തി തള്ളിക്കളയുന്നു എന്നുമാകാം (നോക്കുക 1 കൊരിന്ത്യർ 5:12). "സഭ" എന്നതിന്റെ അടിസ്ഥാന അർത്ഥം എടുക്കുവാനാണ് എനിക്കിഷ്ടം (യേശുവിന്റെ രക്തത്താൽ രക്ഷിക്കപ്പെട്ടവർ) അപ്പോൾ ആ വാക്യം ഇതുപോലെ വ്യാഖ്യാനിക്കാം: "അവനെ സ്നേഹിക്കുന്ന ക്രിസ്തുവിലുള്ള അവന്റെ സഹോദരീസഹോദരന്മാരെ എല്ലാവരെയും അവൻ കേൾക്കുവാൻ കൂട്ടാക്കാഞ്ഞാലോ...." ഒരു സഹോദരൻ തെറ്റു ചെയ്താൽ, ഇടവകയിലെ എല്ലാ അംഗങ്ങളും അവന്റെ അടുക്കൽ ചെന്നു, കരഞ്ഞു കർത്താവിങ്കലേക്കു തിരിച്ചുവരുവാൻ ആവശ്യപ്പെട്ടാലോ? അതിന് എന്തു ഫലമായിരിക്കും ഉണ്ടാവുക? ഒരു കൂട്ടം സ്നേഹമുള്ള അപേക്ഷകളെ മുഴുവനായും നിരസിക്കുവാൻ ആ വ്യക്തി പാപത്താൽ–കഠിനപ്പെട്ടിരിക്കണം.

ആ പരിശ്രമവും പാപിയെ യഥാസ്ഥാനപ്പെടുത്തുവാൻ കഴിഞ്ഞില്ലെങ്കിലോ? അപ്പോൾ, ആ വ്യക്തിയെ സഭയുടെ കൂട്ടായ്മയിൽ നിന്നും അകറ്റി

നിർത്തണമെന്നു യേശു പറഞ്ഞു: “അവൻ നിങ്ങൾക്ക് ചുങ്കക്കാരനും പുറ ജാതിക്കാരനും ആയിരിക്കട്ടെ” (മത്തായി 18:17).[11] “ചുങ്കക്കാരനും പുറജാതി ക്കാരനും” എന്ന പ്രയോഗം “അയാൾ ക്രിസ്ത്യാനി അല്ലെങ്കിലും” എന്നു പറയുന്നതുപോലെയാണ്. ആ പ്രവൃത്തിയുടെ പ്രാഥമികമായ ഉദ്ദേശം ശിക്ഷി ക്കൽ അല്ല, മറിച്ച് ആ വ്യക്തിയെ സുബോധത്തിലേക്ക് കൊണ്ടുവന്ന് കർത്താ വിങ്കലേക്ക് യഥാസ്ഥാനപ്പെടുത്തുകയാണ് എന്ന് മറ്റു വേദഭാഗങ്ങൾ വ്യക്ത മാക്കുന്നു (നോക്കുക 2 തെസലൊനികൃർ 3:14, 15). ശരിയായ മനോഭാവ ത്തിലുള്ള അച്ചടക്കം വരുത്തൽ വെറുപ്പോ വിദ്വേഷമോ വരുത്തലല്ല, എന്നാൽ സ്നേഹവും കരുതലുമാണ് (എബ്രായർ 12:6 നോക്കുക).

ഒരു കുട്ടിയെ അച്ചടക്കം വരുത്തുന്നത് ഒരിക്കലും സുഖകരമല്ല, ക്രിസ്തു വിലുള്ള ഒരു സഹോദരനെയോ സഹോദരിയേയോ അച്ചടക്കം വരുത്തുന്ന സാഹചര്യവും സന്തോഷം ഉളവാക്കുന്നതല്ല. യേശുവിന് അത് അറിയാമാ യിരുന്നു; അതുകൊണ്ട്, തന്റെ ശ്രോതാക്കളെ ഉത്തേജിപ്പിക്കുവാൻ, ഈ നിർദ്ദേശങ്ങളെ ഒരു ഇടവക നടപ്പാക്കുകയാണെങ്കിൽ, ദൈവം അവരോ ടൊപ്പം ഉണ്ടാകും എന്ന് യേശു ഉറപ്പു നൽകി (മത്തായി 18:18–20[12]). വാക്യം 20 സുപരിചിതമായ ഒരു വേദഭാഗമാണ്: “രണ്ടോ മൂന്നോ പേർ എന്റെ നാമ ത്തിൽ കൂടിവരുന്നേടത്തൊക്കെയും, ഞാൻ അവരുടെ നടുവിൽ ഉണ്ട്.” ഈ ഹൃദയ സ്പർശിയായ വാഗ്ദാനത്തെ നമുക്ക് പൊതുവായ പ്രായോഗി കതക്ക് എടുക്കാം, എന്നാൽ സന്ദർഭത്തിൽ, ക്രിസ്തു സൂചിപ്പിച്ചത് രണ്ടോ മൂന്നോ പേർ ചേർന്നു അവന്റെ നാമത്തിൽ സഭയുടെ അച്ചടക്കം നടത്തു ന്നതിനെ കുറിച്ചാണ്, എന്നത് മനസ്സിൽ വയ്ക്കുക.

സഭ മത്തായി 18:15–20 കൂടുതൽ മനസ്സിലാക്കേണ്ടിയിരിക്കുന്നു; പാപ ത്തിൽ അകപ്പെട്ട ഒരു സഹോദരനെയോ സഹോദരിയേയോ അച്ചടക്കം വരു ത്തുവാൻ നാം പലപ്പോഴും മടിക്കുന്നു. ഈ ചർച്ചയുടെ ഹൃദയഭാഗമായി ഞാൻ കണക്കാക്കുന്ന വാക്യത്തോടുകൂടി, എങ്ങനെയായാലും, നാം ഈ പഠനം അവസാനിപ്പിക്കുന്നു: “നിന്റെ സഹോദരൻ നിന്നോടു പിഴച്ചാൽ, നീ ചെന്നു നീയും അവനും മാത്രമുള്ളപ്പോൾ കുറ്റം അവന്നു ബോധം വരു ത്തുക; അവൻ നിന്റെ വാക്കു കേട്ടാൽ, നീ സഹോദരനെ നേടി” (വാ. 15). നാം ഇങ്ങനെ ചെയ്യേണ്ടതുപോലെ ചെയ്താൽ, മിക്കപ്രശ്നവും പരിഹരി ക്കപ്പെടുകയും സഭയിൽ അച്ചടക്കം വരുത്തേണ്ട ആവശ്യം വിരളമായി തീരു കയും ചെയ്യും.

**പാപക്ഷമാപണത്തെകുറിച്ചുള്ള കരുതൽ (വാ. 21-35)**

പാപം ചെയ്ത ഒരു സഹോദരനോടു ഇടപെടുന്നതിനെ കുറിച്ചുള്ള യേശുവിന്റെ ഉപദേശം ആ സഹോദരനോടു എത്ര പ്രാവശ്യം ക്ഷമിക്കണം എന്നു സംശയിക്കുവാൻ പത്രൊസിനെ പ്രേരിപ്പിച്ചു. അവൻ ചോദിച്ചു, “കർത്താവേ, സഹോദരൻ എത്രവട്ടം എന്നോടു പിഴച്ചാൽ ഞാൻ ക്ഷമി ക്കേണം? ഏഴുവട്ടം മതിയോ?” (വാ. 21).[13] അവൻ ഔദാര്യമുള്ളവനാണെന്ന് അവൻ വിചാരിച്ചുകാണും; റബ്ബിമാർ ആവശ്യപ്പെട്ടിരുന്നത് മൂന്നു പ്രാവശ്യ മായിരുന്നു. എന്നാൽ ക്രിസ്തു ഇങ്ങനെ പറഞ്ഞപ്പോൾ അവൻ അതിശയി ച്ചിരിക്കും, “ഏഴുവട്ടമല്ല, ഏഴുഎഴുപതുവട്ടം എന്നു, ഞാൻ നിന്നോടുപറ യുന്നു” (വാ. 22). മറ്റൊരു വാക്കിൽ പറഞ്ഞാൽ, പാപക്ഷമാപണത്തിന് പരിധിയില്ല.[14]

കർത്താവു പിന്നെ "കരുണയില്ലാത്ത ദാസന്റെ ഉപമ" പറയുകയുണ്ടായി, അതിൽ വലിയ കടം ഇളെച്ചുകിട്ടിയ ദാസൻ, തന്റെ സഹദാസനു, ചെറിയ ഒരു സംഖ്യ ഇളെച്ചുകൊടുപ്പാൻ വിസമ്മതിച്ചു (വാ. 23–35). ഇവിടത്തെ ചിന്താവിഷയം എന്തെന്നാൽ ദൈവം വളരെയധികം നമ്മോടു ക്ഷമിച്ചിരിക്കകൊണ്ടു, നാം മറ്റുള്ളവരോടു ക്ഷമിക്കുവാൻ തയ്യാറാകണം എന്നാണ്.

നമുക്കു സഹോദരന്മാരോടുള്ള ബന്ധത്തിൽ ഏറ്റവും ആവശ്യമായ ഒന്നാണ് മത്തായി 18:15–35 ൽ കർത്താവു പഠിപ്പിച്ചത് – അല്ലെങ്കിൽ ആരുമായിട്ടുള്ള ബന്ധത്തിലും, അതങ്ങനെ തന്നെയാണ്. നാം പിൻപറ്റേണ്ടതിന് രണ്ടു തത്വങ്ങൾ അവൻ അതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്: (1) നിങ്ങൾക്ക് മറ്റൊരാളോടു എന്തെങ്കിലും കാര്യമുണ്ടെങ്കിൽ, എല്ലാവരോടും അതിനെകുറിച്ചു പരാതിപ്പെടുന്നതിനുപകരം, ആ വ്യക്തിയുടെ അടുക്കലേക്കുപോക; (2) വിദ്വേഷം പിടിച്ചുകൊള്ളാതെ, ക്ഷമിക്കുവാൻ തയ്യാറാകുക.

## വിധിക്കുള്ള സമർപ്പണം
## (മത്താ. 19:1; ലൂക്കൊ. 9:51-62; യോഹ. 7:1-10)

മത്തായി 19:1 പറയുന്നതു "യേശു ഇതു പറഞ്ഞുതീർന്ന ശേഷം [ഇപ്പോൾ നാം പഠിച്ച കാര്യങ്ങൾ], അവൻ ഗലീല വിട്ട് യെഹൂദ്യ ദേശത്തേക്കുവന്നു...." രംഗം ഇപ്പോൾ തെക്കോട്ടുമാറി.

നിങ്ങൾക്ക് നല്ല ഓർമ്മശക്തിയുണ്ടെങ്കിൽ, യേശുവിന് ആദ്യം ഒരു യെഹൂദ്യാശുശ്രൂഷ ഉണ്ടായിരുന്നതായും അത് യോഹന്നാൻ സ്നാപകൻ തടവിലാക്കപ്പെട്ടപ്പോൾ[15] അവസാനിപ്പിച്ചതായും ഓർമ്മിക്കുമല്ലോ. യെഹൂദ്യയിൽനിന്ന്, ക്രിസ്തു വടക്കോട്ടു ഗലീലിയയിലേക്കു നീങ്ങി. യോഹന്നാൻ എഴുതിയത് "യെഹൂദന്മാർ അവനെ കൊല്ലുവാൻ അന്വേഷിച്ചതുകൊണ്ടു അവന്ന് യെഹൂദ്യയിൽ സഞ്ചരിപ്പാൻ മനസ്സില്ലായിരുന്നു" എന്നാണ് (യോഹന്നാൻ 7:1).[16] ഇപ്പോൾ, എങ്ങനെയായാലും, തന്റെ ആദ്യ ശുശ്രൂഷാ രംഗത്തേക്ക് അവനു മടങ്ങിവരേണ്ട സമയമായി – പൊതുവിൽ യെഹൂദ്യയിലേക്കും പ്രത്യേകിച്ച് യെരുശലേമിലേക്കും.

### പരിഹസിക്കപ്പെട്ടിട്ടും സമർപ്പിക്കപ്പെട്ടു
### (യോഹ. 7:2-10)

സമാഗമനകൂടാരം[17] അഥവാ, കൂടാരപ്പെരുന്നാളിന് യെരുശലേമിലേക്ക് പോകുന്നതുമായിട്ടാണ് അവന്റെ ശുശ്രൂഷയിലെ അടുത്ത ഭാഗം ആരംഭിക്കുന്നത്. യെഹൂദന്മാരുടെ മൂന്നു മുഖ്യ പെരുന്നാളുകളിൽ ഒന്നായിരുന്നു കൂടാരപ്പെരുന്നാൾ (ലേവ്യാപുസ്തകം 23:39–43; ആവർത്തനപുസ്തകം 15:12–15);[18] അത് ആഘോഷിക്കപ്പെടുന്നത് സെപ്തംബർ അവസാനമോ അല്ലെങ്കിൽ ഒക്ടോബർ[19] ആദ്യമോ ആയിരുന്നു.

ആ പെരുന്നാളിനുള്ള സമയം അടുത്തുവന്നപ്പോൾ (യോഹന്നാൻ 7:2), യേശുവിന്റെ അർദ്ധ–സഹോദരന്മാർ[20] പെരുന്നാളിനു പോകുവാൻ അവനോടു അപേക്ഷിച്ചിരുന്നു അങ്ങനെ അവൻ ചെയ്ത വിധത്തിലുള്ള അത്ഭുതങ്ങൾ ഗലീലിയിൽ അവന്റെ ശിഷ്യന്മാർ കാണുവാൻ ഇടയാകും എന്നു പറഞ്ഞു (വാ. 3, 4). വാക്യം 5 അനുസരിച്ച്, ആ സഹോദരന്മാർ അവനിൽ വിശ്വസിച്ചിരുന്നില്ല;[21] അവരുടെ വാക്കുകൾ ഒരുപക്ഷെ അവർ ഉദ്ദേശിച്ചതിന്റെ എതിരായ അർത്ഥമായിരിക്കാം ഉണ്ടായിരുന്നത്. ക്രിസ്തുവിന്റെ മറു

പടി സൂചിപ്പിക്കുന്നത് എന്തെന്നാൽ അവർ യെഹൂദ പ്രമാണിമാരുടെ ലിസ്റ്റിലുള്ള "ഏറ്റവും-ആവശ്യമായവർ" ആയിരുന്നില്ല എന്നതുകൊണ്ട് *അവർ* യെരുശലേമിലേക്കു പോകുന്നതിൽ പ്രശ്നമൊന്നുമില്ല, എന്നാൽ *അവൻ* യെരുശലേമിലേക്കു പോകുന്നത് അപകടകരവുമാകുന്നു (വാ. 6–8). അതുകൊണ്ടു, തീർത്ഥാടനസംഘം യെരുശലേമിലേക്കു പോയപ്പോൾ, അവനും അവന്റെ ശിഷ്യന്മാരും മറ്റുള്ളവരും ഒത്ത് യാത്ര ചെയ്തില്ല (വാ. 9). എങ്ങനെയായാലും, പിന്നീട്, അവർ ശാന്തമായി പെരുന്നാളിനു പോയി (വാ. 10).

യേശു അവസാനം പെരുന്നാളിനു പോയതുകൊണ്ട്, വാക്യം 8–ലെ അവന്റെ വാക്കുകൾ അമ്പരപ്പിക്കുന്നതാണ്: "എന്റെ സമയം വന്നിട്ടില്ലായ്കകൊണ്ട് ഞാനീ പെരുന്നാളിനു പോകുന്നില്ല." ചില വ്യാഖ്യാതാക്കൾ പറയുന്നതു യേശു പോകുന്നില്ല എന്നു പറയുകയും, എന്നാൽ പിന്നീടു തന്റെ മനസ്സ് മാറ്റി പോയി എന്നുമാണ്. അത്തരം വ്യാഖ്യാനങ്ങൾ യേശുവിന്റെ[22] സ്വഭാവവുമായും അവന്റെ പ്രവൃത്തികളുമായും പൊരുത്തപ്പെടാത്തതായി കാണാം (ലൂക്കൊസ് 9:51).

യേശു പറഞ്ഞതിനും അവൻ ചെയ്തതിനും ഇടയ്ക്കുള്ള വ്യത്യാസത്തെ പരിഹരിക്കത്തക്ക രീതിയിൽ പല വിശദീകരണങ്ങളും നൽകപ്പെട്ടിട്ടുണ്ട്. ചിലർ പറയുന്നതു യേശു അർത്ഥമാക്കിയത് അവൻ തന്റെ സഹോദരന്മാർ *പറഞ്ഞരീതിയിൽ* പെരുന്നാളിനു പോകുകയില്ല എന്നാണ് – അതായത്, ഒരു വർണ്ണപകിട്ടുള്ള അത്ഭുത–പ്രവർത്തകനായിട്ട്.[23] മറ്റുള്ളവർ ആ വാചകത്തിന്റെ അവസാനഭാഗത്തിൽ ശ്രദ്ധിച്ച് അതിന്റെ അർത്ഥം "*ഈ സമയത്ത്*[24] ഈ പെരുന്നാളിനു ഞാൻ പോകുന്നില്ല" എന്നാണെന്നു വിശ്വസിക്കുന്നു – അതായത്, തീർത്ഥാടകരോടു കൂടെ – എന്നാൽ പിന്നീട് പോകാമെന്നും സൂചിപ്പിക്കുന്നു. ഏറ്റവും പൊതുവായ വിശദീകരണം എന്തെന്നാൽ "യെറ്റ്" എന്ന വാക്ക് ആ വാചകത്തിന്റെ ഭാഗമായിരിക്കണം, ഒന്നുകിൽ വേദഭാഗത്ത് അല്ലെങ്കിൽ അന്തർലീനമാക്കി. പല പുരാതന ഗ്രീക്ക് കയ്യെഴുത്തു പ്രതികളിലും യേശുവിന്റെ വാക്കുകളിൽ "യെറ്റ്" എന്ന വാക്ക് ഉൾപ്പെടുത്തുന്നു. അതുകൊണ്ട് എൻഐവിയിൽ ഉള്ളത് "ഞാൻ ഈ പെരുന്നാളിന് പോകുന്നി*ല്ലെങ്കിലും,* കാരണം എന്റെ ശരിയായ നാഴിക വന്നിട്ടില്ലാത്തതാണ്."[25] (എംഫസിസ് മൈൻ.) വാരെൻ വിയേഴ്സ്ബേ എഴുതി, "യേശു ... ഭോഷ്ക്ക് പറയുകയോ ഒഴിഞ്ഞുമാറുകയോ ആയിരുന്നില്ല; മറിച്ച്, അവൻ ബോധപൂർവ്വമായ മുന്നറിയിപ്പു നൽകുകയായിരുന്നു."[26]

ക്രിസ്തുവിന്റെ കുടുംബാംഗങ്ങളും മറ്റുള്ളവരും പെരുന്നാളിനുപോയ ശേഷം, അവൻ ഗലീലയിൽ ചില ദിവസങ്ങൾ കൂടെ താമസിച്ചു. പിന്നെ അവനും തന്റെ ശിഷ്യന്മാരും യെരുശലേമിലേക്ക് പോയി, ''പരസ്യമായിട്ടല്ല, രഹസ്യമായിട്ട്, തന്നെ" (വാ. 9, 10).

### ത്യജിക്കപ്പെട്ടിട്ടും സമർപ്പിക്കപ്പെട്ടു (ലൂക്കൊ. 9:51-56)

യേശുവിന്റെ യെരുശലേമിലേക്കുള്ള യാത്രയെ കുറിച്ചു ലൂക്കൊസ് പറയുന്നു. കർത്താവു തന്റെ യാത്ര താമസിപ്പിച്ചതുകൊണ്ടു, താൻ യെഹൂദ്യയിലേക്കു പോകാറുള്ള സാധാരണ വഴി അവൻ എടുത്തില്ല, അത് യോർദ്ദാൻ നദിക്കരയിലൂടെ കിഴക്കോട്ടുള്ള വഴിയാണ്. പകരം, അവൻ ശമര്യ വഴിയുള്ള,[27] അധികം യാത്രചെയ്തിട്ടില്ലാത്ത, എളുപ്പവഴിയാണ് എടുത്തത്.

യേശു ഗലീലയിലേക്കു പോകുന്ന വഴി അവനോടു പ്രതികരിച്ച, ശമര്യക്കാർ (യോഹന്നാൻ 4:40), അവൻ പെരുന്നാളിന് യെരുശലേമിലേക്ക് പോവുകയാണെന്ന് അറിഞ്ഞപ്പോൾ തങ്ങുവാൻ അവനെ നിർബന്ധിച്ചില്ല (ലൂക്കൊസ് 9:53). യെരുശലേം ദേവാലയത്തിൽ ആരാധനക്കു പോകുന്നത് ഗെരാസിം മലയിലെ ശമര്യ ദേവാലയത്തെ കൈവെടിയുന്നതാണെന്നു അവർ കരുതിയിരുന്നു (യോഹന്നാൻ 4:20 നോക്കുക).

"ഇടിമക്കൾ" ആയ, യാക്കോബും യോഹന്നാനും (മർക്കൊസ് 3:17), അവരെ സ്വർഗ്ഗത്തിൽ നിന്ന് തീ ഇറക്കി നശിപ്പിക്കേണ്ടതിന് ക്രിസ്തുവിനോടു അപേക്ഷിച്ചു (ലൂക്കൊസ് 9:54), ഏലിയാവു തന്റെ ശത്രുക്കളോടു അതാണ് ചെയ്തത് (2 രാജാക്കന്മാർ 1:10, 12).[28] യേശു അവരെ ശാസിച്ചു (ലൂക്കൊസ് 9:55); തങ്ങളുടെ ശത്രുക്കളെ നശിപ്പിക്കുവാൻ അവൻ അവരെ പഠിപ്പിച്ചിട്ടില്ല, എന്നാൽ അവരെ സ്നേഹിക്കുവാനും അവർക്കുവേണ്ടി പ്രാർത്ഥിപ്പാനും ഉപദേശിച്ചിരുന്നു (മത്തായി 5:44, 45).[29] ഒരു പട്ടണം നിങ്ങളെ തള്ളിക്കളഞ്ഞാൽ, അടുത്തതിലേക്കു പോക എന്ന് അവൻ മുൻപ് പറഞ്ഞിരുന്നു (മത്തായി 10:23). അതാണ് അവൻ ചെയ്തത് (ലൂക്കൊസ് 9:56).

**വൈമനസ്യമുണ്ടായിട്ടും സമർപ്പിക്കപ്പെട്ടു**
**(ലൂക്കൊസ് 9:57-62)**[30]

യെരുശലേമിലേക്കുള്ള വഴിയിൽ, ശിഷ്യന്മാർ ആകുവാൻ–ഇരിക്കുന്ന, അരമനസ്സുള്ള ചിലരെ ക്രിസ്തു കണ്ടുമുട്ടി. തന്റെ മരണം ആസന്നമായിരിക്കുന്നു എന്നറിയാവുന്നതുകൊണ്ടു, തെറ്റായ നിഗമനത്തിന്റെ അടിസ്ഥാനത്തിൽ അവർ ശിഷ്യന്മാരായി തീരണമെന്ന് അവൻ ആഗ്രഹിച്ചില്ല. പ്രയാസം വരുവാനിരുന്നു; ഊനമില്ലാതെ വിശ്വാസത്തോടുകൂടി നിലനിൽക്കുവാൻ ഏക ഉദ്ദേശവും യോഗ്യതയില്ലാത്ത ധ്യാനവുമുള്ളവർക്കേ കഴിയൂ. ഒരിക്കൽ ഒരു തീരുമാനം എടുത്താൽ, അവർക്ക് പിന്മാറുവാൻ[31] കഴിയുകയില്ല.

**പ്രതാപത്തോടുകൂടിയ വിവാദം**
**(യോഹ. 7:11-8:11)**

യേശു കൂടാരപ്പെരുന്നാളിനുപോയത് യോഹന്നാൻ രേഖപ്പെടുത്തിയിട്ടുണ്ട്. ആ സംഭവം മനസ്സിലാക്കുവാൻ, അതിൽ പറഞ്ഞിരിക്കുന്ന മൂന്ന് വ്യത്യസ്ത കൂട്ടങ്ങളെ നമ്മൾ അറിയേണ്ടതായിട്ടുണ്ട്. (1) യെരുശലേമിലെ മതാധികാരികളെ പൊതുവിൽ "യെഹൂദന്മാർ" എന്നാണ് വിളിച്ചിരുന്നത് (യോഹന്നാൻ 7:13, 15, 35).[32] ആ സംഘത്തിലെ അദ്ധ്യക്ഷന്മാരെ "മഹാപുരോഹിതന്മാരും പരീശന്മാരും" എന്നാണ് വിളിച്ചിരുന്നത് (7:32; വാ. 45, 47, 48 നോക്കുക), അങ്ങനെയാണ് ന്യായാധിപസഭയെ[33] വിളിച്ചിരുന്നത്. (2) യെരുശലേമിൽ വീടുണ്ടായിരുന്ന യെഹൂദന്മാരായിരുന്നു അവർ (7:25). (3) പെരുന്നാളിന് വന്നുചേർന്ന സമ്മിശ്ര സംഘത്തെ "പുരുഷാരം" എന്നും (അല്ലെങ്കിൽ "പുരുഷാരങ്ങൾ") (7:12, 20, 31, 32, 43) "ജനം" എന്നും വിളിച്ചിരുന്നു (7:40). ചിലപ്പോൾ ഇതിൽ ആദ്യത്തെ രണ്ടുകൂട്ടത്തെ പ്രതിനിധീകരിച്ചുള്ളവരും ഉൾപ്പെട്ടിരുന്നു, എന്നാൽ അതിൽ മുഖ്യമായും മറ്റു പ്രദേശങ്ങളിൽനിന്നും വന്നുചേർന്ന തീർത്ഥാടകരായിരുന്നു.

**പെരുന്നാളിന്റെ ആരംഭം: യേശുവിന്റെ സ്വഭാവത്തെ കുറിച്ചുള്ള വിവാദം (7:11-13)**

പെരുന്നാൾ തുടങ്ങിയപ്പോൾ, മുഖ്യ ചർച്ചാവിഷയം[34] യേശുവായിരുന്നു. അവൻ യെരുശലേമിലേക്കു[35] വന്നിട്ടു മാസങ്ങൾ ആയിരുന്നു, അവൻ ഈ പെരുന്നാളിനു വരുമോ ഇല്ലയോ എന്ന് ആളുകൾ ഊഹിച്ചുകൊണ്ടിരുന്നു (വാ. 11). അടക്കിയ സംസാരം (വാ. 13; യോഹന്നാൻ 9:22 മായി താരതമ്യം ചെയ്യുക) പെരുന്നാളിനു വന്നവർക്കിടയിൽ ഉണ്ടായിരുന്നു: "ചിലർ പറഞ്ഞു, 'അവൻ ഒരു നല്ല മനുഷ്യൻ'; മറ്റുള്ളവർ പറഞ്ഞു, 'അല്ല, നേരെ മറിച്ചാണ്, അവൻ ആളുകളെ വഞ്ചിക്കുന്നു'" (7:12). സംസാരിച്ചവർ മനസ്സിലാക്കിയതിനേക്കാൾ കൂടുതൽ രണ്ടാമത്തെ നിരീക്ഷണം അവബോധമുള്ളതായിരുന്നു. ഇന്ന്, പലരും യേശുവിനെ ദൈവമായി അംഗീകരിപ്പാൻ മനസ്സില്ലാത്തവരാണ്, എന്നാൽ അവരും അവനെ "ഒരു നല്ല മനുഷ്യനായി" കാണുന്നുണ്ട്. യേശു താൻ അവകാശപ്പെട്ടതുപോലെ ദൈവപുത്രൻ അല്ലെങ്കിൽ, അവൻ ഒരു നല്ല മനുഷ്യനുമല്ല – കാരണം ഭോഷ്ക് പറയുന്നവർ നല്ല മനുഷ്യരല്ല. യേശുവിനെ ദൈവപുത്രനായി കൈക്കൊള്ളുവാൻ മടിക്കുന്നവർ അവനെ "ഒരു നല്ല മനുഷ്യൻ" എന്നുപറഞ്ഞ് അധരസേവ ചെയ്യരുത്.

**പെരുന്നാൾ മദ്ധ്യേ; യേശുവിന്റെ വിശ്വാസ്യതയിന്മേൽ ഉള്ള വിവാദം (7:14-36)**

"പെരുന്നാൾ പകുതിയായപ്പോൾ" പെട്ടെന്നു യേശു രംഗപ്രവേശനം ചെയ്തു (വാ. 14) – ഒരുപക്ഷെ ചൊവ്വാഴ്ച്ച ആയിരിക്കാം, ആഘോഷത്തിന്റെ[36] നാലാം നാൾ. അവൻ "ദേവാലയത്തിലേക്കു[37] ചെന്നു, ഉപദേശിപ്പാൻ തുടങ്ങി" (വാ. 14). ഒരു ബാലനായിരുന്നപ്പോൾ, പഠിക്കുവാനായി അവൻ ദേവാലയത്തിലേക്കു പോയിരുന്നു (ലൂക്കൊസ് 2:46); അവന്റെ ശുശ്രൂഷയുടെ ആരംഭത്തിൽ, അവൻ ദേവാലയത്തെ ശുദ്ധീകരിക്കയുണ്ടായി (യോഹന്നാൻ 2:13–17); ഇപ്പോൾ അവൻ അവിടെ പോയത് ഉപദേശിപ്പാൻ അത്രേ. മതാധികാരികളുടെ ശക്തി കേന്ദ്രമായിരുന്നു ദേവാലയം എന്നോർക്കുക. തന്നെ മരണ–ശിക്ഷക്ക് ഏൽപിക്കുവാനിരിക്കുന്നവരെ അഭിമുഖീകരിപ്പാൻ യേശുവിന് മടിയില്ലായിരുന്നു. സിംഹങ്ങളുടെ ഗുഹയിലേക്കു അവൻ നടന്നുപോയി സിംഹങ്ങളുടെ താടിപിടിച്ചു വലിച്ചു.

പല പ്രമാണിമാർക്കും ആദ്യമായിട്ടാണ് ഇപ്പോൾ യേശുവിനെ കേൾക്കുവാൻ കഴിയുന്നത്, അവന്റെ ഉപദേശം അവരെ[38] "അതിശയിപ്പിച്ചു." അവർ ചോദിച്ചു, "വിദ്യാഭ്യാസം ചെയ്യാത്ത ഇവൻ, ശാസ്ത്രമറിയുന്നതെങ്ങനെ?" (യോഹന്നാൻ 7:15). "വിദ്യാഭ്യാസം ചെയ്യാത്ത," എന്നതുകൊണ്ട് അവർ അർത്ഥമാക്കിയത് ഒരു റബ്ബിയാകുവാനുള്ള പരിശീലനം അവന് ലഭിച്ചിരുന്നില്ല എന്നതാണ്. ഇന്ന് ആളുകൾ ചിലപ്പോൾ പറയാറുണ്ട്, "അവന് ഒരു യൂണിവേഴ്സിറ്റിയിൽ നിന്ന് ഒരു ഡിഗ്രി പോലുമില്ല!" യഥാർത്ഥത്തിൽ, യേശു പറഞ്ഞതെന്തെന്നാൽ, അവനു ഒരുപക്ഷെ മനുഷ്യന്റെ "ലൈസൻസ്" അല്ലെങ്കിൽ "സർട്ടിഫിക്കറ്റ്" ലഭിച്ചിട്ടില്ലായിരിക്കാം, എന്നാൽ അവനെ ദൈവമാണ് അയച്ചത് (വാ. 16, 18, 28, 29) ദൈവം അവനെ ഭരമേൽപ്പിച്ചതുമായിരുന്നു അവൻ ഉപദേശിച്ചിരുന്നത് (വാ. 16).

അവൻ പറഞ്ഞു, "അവന്റെ [ദൈവത്തിന്റെ] ഇഷ്ടം ചെയ്യുവാൻ ഇച്ഛി

ക്കുന്നവൻ, ഈ ഉപദേശം [അതായത്, അവൻ പഠിപ്പിച്ച ഉപദേശങ്ങൾ], ദൈവത്തിൽ നിന്നുള്ളതോ ഞാൻ സ്വയമായി പ്രസ്താവിക്കുന്നതോ എന്ന് അറിയും" (വാ. 17). എന്തു മനസ്സിലാക്കുവാനും മനസ്സ് ശരിയായി നിർത്തേണ്ടത്[39] പ്രാധാന്യമുള്ളതാണ്, പ്രത്യേകിച്ചു ദൈവവചനം പഠിക്കുന്നതിനു അതു തികച്ചും അത്യന്താപേക്ഷിതമാണ്. ക്രിസ്തുവിന്റെ ഉപദേശം മതാദ്ധ്യക്ഷന്മാർക്കു ഒരു സമസ്യ ആയിരുന്നു കാരണം, അവർ ദൈവേഷ്ടം ചെയ്യുന്നുവെന്ന് അവകാശപ്പെട്ടിരുന്നുവെങ്കിലും, വാസ്തവത്തിൽ അങ്ങനെ ആയിരുന്നില്ല.

അധികാരികൾ ദൈവത്തെ അനുസരിച്ചിരുന്നില്ല എന്നുള്ളതിന്റെ തെളിവു നൽകിക്കൊണ്ടു, അവർ ആറാമത്തെ കൽപന ലംഘിച്ചിരുന്നതായി യേശു ചൂണ്ടിക്കാണിച്ചു (പുറപ്പാട് 20:13). അവൻ പറഞ്ഞു, "മോശെ നിങ്ങൾക്കു ന്യായപ്രമാണം തന്നിട്ടില്ലയോ? എങ്കിലും നിങ്ങളിൽ ആരും ന്യായപ്രമാണം ആചരിക്കുന്നില്ല, നിങ്ങൾ എന്നെ കൊല്ലുവാൻ അന്വേഷിക്കുന്നത് എന്ത്?" (യോഹന്നാൻ 7:19). അവരുടെ ഗൂഢാലോചന അവൻ അറിഞ്ഞിരുന്നു (യോഹന്നാൻ 5:18; 7:1) അതു അവരെ ധരിപ്പിപ്പാനും അവൻ ആഗ്രഹിച്ചു.

ടൗണിനു-പുറത്തുനിന്നുള്ള പുരുഷാരം, സാഹചര്യം എന്തെന്നറിയാതെ, ഇങ്ങനെ പ്രതികരിച്ചു, "നിനക്ക് ഒരു ഭൂതമുണ്ട്! നിന്നെ ആർ കൊല്ലുവാൻ അന്വേഷിക്കുന്നു?" (വാ. 20). യേശുവിന് ഭൂതമുണ്ട് എന്നുള്ള ആരോപണം മുൻപും ഉന്നയിച്ചിരുന്നു (മത്തായി 9:32–34; 10:25; 12:24), ഇവിടെ ആ വാക്കുകൾ അർത്ഥമാക്കിയത് "നിനക്കു വട്ട് ആണ്!" എന്നാണ് (യോഹന്നാൻ 10:20 നോക്കുക).

യേശുവിനെ കൊല്ലുവാൻ ഉദ്ദേശിച്ചിരുന്നോ ഇല്ലയോ എന്ന ചോദ്യം യെഹൂദാദ്ധ്യക്ഷന്മാർ "അവനെ അധികവും കൊല്ലുവാൻ അന്വേഷിച്ച" യെരുശലേമിലേക്കുള്ള മുൻ യാത്രയെ ഓർമ്മിപ്പിക്കുന്നു (യോഹന്നാൻ 5:18). ആ സാഹചര്യത്തിൽ, യേശു ശബ്ബത്തിൽ ഒരു രോഗിയെ സൗഖ്യമാക്കിയിരുന്നു (യോഹന്നാൻ 5:1–9) തന്റെ പ്രവൃത്തിയെ പ്രതിരോധിക്കുവാൻ അവൻ നിർബ്ബന്ധിതനാകുകയും ചെയ്തു. ശബ്ബത്തിൽ സൗഖ്യമാക്കിയതിന് ഇപ്പോൾ അവൻ വേറെ വാദഗതി നൽകി: ശബ്ബത്തിൽ പരിച്ഛേദന കഴിക്കുന്നതു ശരിയാണെന്ന് എല്ലാവരും വിശ്വസിച്ചിരുന്നതായി അവൻ ചൂണ്ടിപ്പറഞ്ഞു (7:22, 23).[40] വാസ്തവത്തിൽ, അവൻ പറഞ്ഞു, "ശബ്ബത്തിൽ ശരീരത്തിന്റെ ഒരു ഭാഗം ശുദ്ധീകരിക്കുന്നതു ശരിയാണെങ്കിൽ, ശരീരം മുഴുവൻ സൗഖ്യമാക്കിയതിനാൽ എന്നോടു ഈർഷ്യപ്പെടുന്നുവോ?" (വാ. 23).

കർത്താവു തുടർച്ചയായി ഉപദേശിച്ചുകൊണ്ടിരുന്നപ്പോൾ, യെരുശലേമിൽ താമസിച്ചിരുന്നവർ (അതുകൊണ്ടു ഗൂഢാലോചനയെ കുറിച്ച് അറിവുണ്ടായിരുന്നവരും) കർത്താവു ദേവാലയത്തിൽ തുറന്നു ഉപദേശിച്ചതിൽ ആശ്ചര്യപ്പെട്ടു (വാ. 25, 26). എങ്കിലും, അവൻ ക്രിസ്തുവാകുവാൻ ഇടയില്ല എന്ന് അവർ അപ്പോഴും കരുതി: "... ഇവൻ എവിടെനിന്ന് എന്നു നാം അറിയുന്നു; ക്രിസ്തുവരുമ്പോഴോ, അവൻ എവിടെനിന്ന് എന്ന് ആരും അറിയുകയില്ല" (വാ. 27). മശിഹ ജനിക്കുന്നത് ബേത്‌ലെഹേമിൽ ആണെന്നു മിക്ക യെഹൂദന്മാരും വിശ്വസിച്ചിരുന്നു (യോഹന്നാൻ 7:42; മത്തായി 2:5, 6). ചിലർ വിശ്വസിച്ചിരുന്നത് വേദഭാഗങ്ങളായ മലാഖി 3:1–ഉം യെശയ്യാവു 53:8–ഉം പഠിപ്പിക്കുന്നത് മശിഹയുടെ ആവിർഭാവം നിഗൂഢമായിട്ടായിരിക്കും എന്നാണ്.

ആ ചർച്ചയ്ക്കിടയിൽ, പങ്കെടുത്തവർ തങ്ങളുടെ അജ്ഞത വെളിപ്പെടുത്തി, കാരണം അവർക്ക് യേശുവിന്റെ ജനനസ്ഥലം അജ്ഞാതമായിരുന്നു (യോഹന്നാൻ 7:41 നോക്കുക). തുടർന്നു, ക്രിസ്തു മറുപടി പറഞ്ഞത്, അവന്റെ ഭൗമിക ഉറവിടത്തെ[41] കുറിച്ച് അവർക്ക് ഒരുപക്ഷെ അറിയാം അല്ലെങ്കിൽ അറിയാതെയുമിരിക്കാം, എന്നാൽ അവൻ വാസ്തവത്തിൽ സ്വർഗ്ഗത്തിൽ നിന്നു വന്നു എന്ന കാര്യമാണ് അവർ മനസ്സിലാക്കാതിരുന്നത് (വാ. 28, 29) .

യേശു പുരുഷാരത്തെ പ്രസാദിപ്പിച്ചതുകൊണ്ടു അവർ അവനിൽ വിശ്വസിച്ചു (വാ. 31). അവരുടേത് സൂക്ഷ്മമായ, തീർച്ചപ്പെടുത്തുവാനുള്ള വിശ്വാസമായിരുന്നു; എന്നാൽ അവനെ പിടിക്കുവാൻ ദേവാലയ സൂക്ഷിപ്പുകാരനെ അയച്ച, മഹാപുരോഹിതന്മാരെയും പരീശന്മാരെയും കോപാകുലരാക്കുവാൻ അതു മതിയായതായിരുന്നു (വാ. 32). അസ്വസ്ഥനാകാതെ, ക്രിസ്തു തന്റെ ഉപദേശം തുടർന്നു: “ഞാൻ ഇനി കുറെ നേരം നിങ്ങളോടുകൂടെ ഇരിക്കുന്നു, പിന്നെ എന്നെ അയച്ചവന്റെ അടുക്കൽ പോകുന്നു. നിങ്ങൾ എന്നെ അന്വേഷിക്കും, കണ്ടെത്തുകയില്ലതാനും; ഞാൻ ഇരിക്കുന്നേടത്ത്, നിങ്ങൾക്കു വരുവാൻ കഴികയുമില്ല” (വാ. 33, 34). നാം ക്രൂശിന്റെ ഇപ്പുറത്ത് ആയിരിക്കകൊണ്ട്, നമുക്ക് അവന്റെ വാക്കുകൾ മനസ്സിലാകും. “ഞാൻ ഇനി കുറെ നേരം നിങ്ങളോടുകൂടെ ഇരിക്കുന്നു”: അവന്റെ മരണത്തിന് ആറുമാസം മാത്രമേ ഉണ്ടായിരുന്നുള്ളൂ. “പിന്നെ ഞാൻ എന്നെ അയച്ചവന്റെ അടുക്കലേക്കു പോകുന്നു”: അവൻ ദൈവത്തിന്റെ അടുക്കലേക്ക് സ്വർഗ്ഗാരോഹണം ചെയ്യും. “നിങ്ങൾ എന്നെ അന്വേഷിക്കും, കണ്ടെത്തുകയില്ലതാനും; ഞാൻ ഇരിക്കുന്നേടത്ത്, നിങ്ങൾക്കു വരുവാൻ കഴികയുമില്ല”: പരാജയപ്പെട്ട അവസരത്തിലെ വാക്കുകളാണ് അവ (ഹോശേയാ 5:6), അവിശ്വാസത്തിൽനിന്ന് ഉണ്ടായ വിപത്തായിരുന്നു. അടുത്ത ദിവസം, യേശു പറയുന്നു, “ഞാൻ പോകുന്നു, നിങ്ങൾ എന്നെ അന്വേഷിക്കും, നിങ്ങളുടെ പാപത്തിൽ നിങ്ങൾ മരിക്കും; ഞാൻ പോകുന്നേടത്തേക്കു, നിങ്ങൾക്കു വരുവാൻ കഴിയുകയില്ല”; “... ഞാൻ അങ്ങനെയുള്ളവൻ [മശിഹ] എന്നു വിശ്വസിക്കാഞ്ഞാൽ, നിങ്ങൾ നിങ്ങളുടെ പാപങ്ങളിൽ മരിക്കും” (യോഹന്നാൻ 8:21, 24).

യേശു അർത്ഥമാക്കിയത് നമുക്ക് മനസ്സിലായേക്കാം, എന്നാൽ യെഹൂദാദ്ധ്യക്ഷന്മാർക്ക് വിഷമം നേരിട്ടിരുന്നു. അവൻ പാലസ്തീൻ വിട്ട് യെഹൂദർ–അല്ലാത്ത ആളുകൾക്കിടയിലേക്ക് പ്രസംഗിപ്പാൻ പോകുന്നതിനെ കുറിച്ചാകാം സംസാരിച്ചത് എന്ന് അവർ സംശയിച്ചു (7:35, 36).[42]

## പെരുന്നാളിന്റെ അവസാനം: യേശുവിന്റെ അവകാശങ്ങളിന്മേലുള്ള വിവാദം (യോഹ. 7:37-52)

പിന്നീട് രേഖപ്പെടുത്തിയിരിക്കുന്നത് നടന്നത് “പെരുന്നാളിന്റെ മഹാദിവസമായ, അവസാന നാളിൽ” ആണ് (വാ. 37). ആ ദിവസം പ്രധാനമായി നടന്ന വെള്ളംകൊണ്ടുള്ള ആചാരമായി പുരോഹിതൻ ശീലോഹോം കുളത്തിൽ നിന്ന് സ്വർണ്ണപാത്രത്തിൽ വെള്ളമെടുത്ത്, വളരെ ആഘോഷത്തോടെ, യാഗപീഠത്തിന്റെ കാൽക്കൽ ഒഴിക്കും. മരുഭൂമിയിൽവെച്ച് തങ്ങളുടെ പൂർവ്വപിതാക്കന്മാർക്ക് വെള്ളം കൊടുത്തതിനെയാണ് ഈ ആഘോഷം ഓർമ്മിപ്പിക്കുന്നത് (പുറപ്പാട് 17:5, 6; സംഖ്യാപുസ്തകം 20:7–11) മശിഹ വരുമ്പോൾ ദൈവത്തിന്റെ

ആത്മാവ് പകരുവാൻ ഇരുന്നതിന്റെ സൂചനയും ഇതു നൽകുന്നു (യോവേൽ 2:28; പ്രവൃത്തികൾ 2:16, 17 നോക്കുക).

ആ ദിവസം, "യേശു നിന്നുകൊണ്ട്, 'ദാഹിക്കുന്നവൻഎല്ലാം, എന്റെ അടുക്കൽ വന്നു കുടിക്കട്ടെ. "എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്ന്,[43] തിരുവെഴുത്ത് പറയുന്നതുപോലെ, ജീവജലത്തിന്റെ നദികൾ ഒഴുകും എന്നു, വിളിച്ചു പറഞ്ഞു"'" (യോഹന്നാൻ 7:37, 38). ഇന്ന് സ്വർണ്ണപ്പാത്രം ശൂന്യമാണ്, എന്നാൽ അവന്റെ ശ്രോതാക്കൾക്ക് അവൻ നൽകുന്ന ജീവജലം ഒരിക്കലും വറ്റാത്തതാണ്.

ക്രിസ്തുവിന്റെ വാക്കുകൾക്ക് യോഹന്നാൻ ദൈവശ്വാസീയ വിശദീകരണം നൽകുന്നു: "അവൻ ഇതു തന്നിൽ വിശ്വസിക്കുന്നവർക്ക് ലഭിപ്പാനുള്ള, ആത്മാവിനെ കുറിച്ച് ആകുന്നു പറഞ്ഞത്; യേശു അന്നു തേജസ്കരിക്കപ്പെട്ടിട്ടില്ലായ്കയാൽ, ആത്മാവു വന്നിട്ടില്ലായിരുന്നു" (വാ. 39).[44] ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണശേഷമുള്ള ആദ്യത്തെ പെന്തെക്കൊസ്തു നാളിൽ പരിശുദ്ധാത്മാവു വരുന്നതിനെ കുറിച്ചായിരുന്നു ആ സൂചന (പ്രവൃത്തികൾ 1:8; 2:1–4, 16, 17, 38). പാറയിൽനിന്ന് ഒഴുകുന്ന ജലം ഭൗതികമായ ദാഹം ശമിപ്പിക്കുന്നതുപോലെ, ആത്മീയമായി ദാഹിക്കുന്നവർ യേശുവിൽ ആശ്രയം വെച്ചാൽ ദൈവാത്മാവു അവർക്കു തൃപ്തിവരുത്തും.

യേശുവിനെ കേട്ടവർ അവരുടെ പ്രതികരണത്താൽ വിഭാഗിക്കപ്പെട്ടു (യോഹന്നാൻ 7:43). അവൻ മോശെയെപ്പോലെ ഒരു പ്രവാചകനാണെന്നു ചിലർ കരുതി (വാ. 40; ആവർത്തനപുസ്തകം 18:15 നോക്കുക). എന്നാൽ കുറെപ്പേർ അവൻ മശിഹയാണെന്നു വിശ്വസിച്ചു (യോഹന്നാൻ 7:41). മറ്റുള്ളവർ അവൻ മശിഹയായിരിക്കയില്ല എന്നു പറഞ്ഞു കാരണം (അവർ വിചാരിച്ചു) അവൻ ദാവീദിന്റെ പട്ടണമായ, ബേത്ലെഹേമിൽ നിന്നു വരാതെ, ഗലീലയിൽ നിന്നു വന്നു (വാ. 41, 42; നോക്കുക 2 ശമുവേൽ 7:12–16; മീഖാ 5:2–4).

ക്രിസ്തുവിന്റെ ഉപദേശത്താൽ സ്വാധീനിക്കപ്പെട്ടവരിൽ അവനെ പിടിക്കുവാൻ ചെന്നവരും ഉണ്ടായിരുന്നു (യോഹന്നാൻ 7:32). അവർ വെറും-കയ്യോടെ അവരുടെ മേലുദ്യോഗസ്ഥരുടെ അടുക്കലേക്കു തിരിച്ചു ചെന്നപ്പോൾ, യേശുവിനെ പിടിക്കാഞ്ഞതെന്ത് എന്ന് അവരോടു ചോദിച്ചു (വാ. 45). അവർ മറുപടി പറഞ്ഞു, "ആ മനുഷ്യൻ സംസാരിക്കുന്നതുപോലെ ആരും ഇന്നുവരെ സംസാരിച്ചിട്ടില്ല" (വാ. 46).

പരീശന്മാർ കോപാകുലരായിരുന്നു (വാ. 47). യേശു മശിഹ ആയിരി*ക്കയില്ല* എന്ന് അവർ ശഠിച്ചുകൊണ്ടിരുന്നു (1) കാരണം *അവർ* അവനിൽ വിശ്വസിച്ചില്ല (വാ. 48), (2) കാരണം അവനിൽ വിശ്വസിച്ചിരുന്നവർ അജ്ഞരായിരുന്നു[45] (വാ. 49), (3) കാരണം ഗലീലയിൽ നിന്ന് ഒരു പ്രവാചകനും എഴുന്നേറ്റിട്ടില്ല (വാ. 52).[46] അവരുടെ എണ്ണത്തിൽപ്പെട്ട ഒരാളായ നിക്കൊദേമോസ് (രാത്രി യേശുവിന്റെ അടുക്കൽ വന്നു [യോഹന്നാൻ 3:1, 2]) വിചാരണ കൂടാതെ ഒരു മനുഷ്യനെ കുറ്റം വിധിക്കുന്നത് ശരിയല്ല എന്നു ചൂണ്ടിക്കാട്ടി (യോഹന്നാൻ 7:50, 51; നോക്കുക ആവർത്തനപുസ്തകം 1:16, 17; 19:15–21).[47] നിക്കോദേമോസിന്റെ വാക്കുകൾ അവനിലേക്ക് തിരിയുവാൻ മാത്രമാണ് ഉപകരിച്ചത് (യോഹന്നാൻ 7:52).

അവർക്ക് യേശുവിനെ പിടിക്കുവാൻ കഴിഞ്ഞില്ല എന്നു വേദപുസ്തകം വ്യക്തമാക്കുന്നു (വാ. 30, 44) "അവന്റെ നാഴിക വരാതിരുന്നതാണ് കാരണം"

(വാ. 30; കൂടാതെ 8:20 നോക്കുക). അവന്റെ മരണത്തിനുള്ള "നാഴിക" അടുത്തിരുന്നു – അതിനു ആറുമാസമേ ബാക്കിയുള്ളൂ – എന്നാൽ അപ്പോൾ ആയില്ല താനും.[48]

**പെരുന്നാളിനുശേഷം: യേശുവിന്റെ കരുതലിന്മേലുള്ള വിവാദം (യോഹ. 7:53-8:11)**

യോഹന്നാൻ 7:53–8:11 പ്രത്യേകതയുള്ളതാണ്. അത് പുരാതന കയ്യെഴുത്തു പ്രതികളിൽ കാണുന്നില്ലെങ്കിലും, മിക്ക പുതിയ നിയമ തർജ്ജിമകളിലും കാണം. ചിലതിൽ, വേദഭാഗത്തിന്റെ ഭാഗമായി അതിനെ കണക്കാക്കിയിരിക്കുന്നു (കെജെവി; എൻകെജെവി); ശേഷിച്ചവയിൽ മിക്കതിലും, വേദഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ചിലരീതിയിൽ അതിനെ ഒഴിവാക്കിയിരിക്കുന്നു (എൻഎഎസ്ബി; എൻഐവി; ആർഎസ്‌വി). യോഹന്നാന്റെ പുസ്തകത്തിലെ പ്രാരംഭ കയ്യെഴുത്തിൽ, ആ വാകൃങ്ങൾ ഉണ്ടായാലും ഇല്ലെങ്കിലും, ആ സംഭവം വാസ്തവത്തിൽ നടന്നതായിരുന്നു എന്നു പണ്ഡിതന്മാർ സമ്മതിക്കുന്നു.

പെരുന്നാളിന്റെ അവസാനം, മിക്കവരും വീടുകളിലേക്കുപോയി (യോഹന്നാൻ 7:53), എന്നാൽ യേശു ആ പ്രദേശത്തുനിന്ന് വിട്ടുപോകുവാൻ താമസിച്ചു. അവൻ രാത്രി മുഴുവൻ ഒലിവുമലയിൽ താമസിച്ചു (8:1),[49] ഒരുപക്ഷെ ഒരുക്കത്തിനായി അവന്റെ ശിഷ്യന്മാർ പണിത കൂടാരത്തിൽ ആയിരുന്നേക്കാം (ലൂക്കൊസ് 9:52). അടുത്ത പ്രഭാതത്തിൽ, അവൻ ദേവാലയത്തിൽ മടങ്ങിചെന്ന്, ഉപദേശിച്ചു (യോഹന്നാൻ 8:2, 20). അവന്റെ സദസ്യർ യെരുശലേമിൽ താമസിച്ചിരുന്നവർ ആയിരുന്നേക്കാം, കൂടാതെ ഇനിയും വിട്ടുപോകാത്ത ചില സഞ്ചാരികളും ഉണ്ടായിരുന്നു.

തന്റെ ശത്രുക്കൾ അവനെ തടസ്സപ്പെടുത്തിക്കൊണ്ട്, "വ്യഭിചാരകുറ്റത്തിൽ പിടിക്കപ്പെട്ട ഒരു സ്ത്രീയെ അവന്റെ അടുക്കൽ കൊണ്ടുവന്നു ... 'വ്യഭിചാരകർമ്മത്തിൽത്തന്നേ' " (8:3, 4). അവർ അവനോടു പറഞ്ഞു, "ഇങ്ങനെയുള്ള സ്ത്രീയെ കല്ലെറിഞ്ഞുകൊല്ലേണമെന്നു മോശെ കൽപിച്ചിരിക്കുന്നു; നീ എന്തുപറയുന്നു?" (8:5). ആ കപടഭക്തിക്കാർക്ക് ന്യായപ്രമാണത്തെ കുറിച്ചു വിചാരമുണ്ടായിരുന്നില്ല; അങ്ങനെയായിരുന്നുവെങ്കിൽ, അവർ അതിൽ ഉൾപ്പെട്ട പുരുഷനെയും കൊണ്ടുവരുമായിരുന്നു. ന്യായപ്രമാണം പറയുന്നത് അതിൽ ഉൾപ്പെട്ട സ്ത്രീയെയും പുരുഷനെ*യും* കല്ലെറിഞ്ഞു കൊല്ലേണമെന്നാണ് (ലേവ്യാപുസ്തകം 20:10; ആവർത്തനപുസ്തകം 22:22). അവർ ദൈവത്തെ അനുസരിക്കുന്നതോ ദൈവനീതിയോ അല്ല കരുതിയത്; അവർക്ക് താല്പര്യം യേശുവിനെ കുടുക്കുന്നതിലായിരുന്നു (യോഹന്നാൻ 8:6).

ക്രിസ്തു അവരോട് പറഞ്ഞു, "നിങ്ങളിൽ പാപം ചെയ്യാത്തവർ, അവളെ ആദ്യം കല്ലെറിയട്ടെ" (8:7). പിന്നെ അവൻ കുനിഞ്ഞു കല്ലുകൊണ്ടുള്ള ദൈവാലയത്തിന്റെ തറയിലെ പൊടിയിൽ[50] എഴുതിക്കൊണ്ടിരുന്നു (8:8). അവൻ എഴുന്നേറ്റപ്പോൾ, കുറ്റാരോപകർ പോയിരുന്നു (8:9, 10).

യേശു ചോദിച്ചു, "സ്ത്രീയേ, അവർ എവിടെ? നിനക്ക് ആരും കുറ്റം വിധിച്ചില്ലയോ?" (8:10). അവൾ പറഞ്ഞു, "ഇല്ല, കർത്താവേ" (8:11). പിന്നെ കർത്താവ് പറഞ്ഞു, "ഞാനും, നിനക്കു ശിക്ഷ വിധിക്കുന്നില്ല. പോക. ഇനി പാപം ചെയ്യരുത്" (8:11). പാപികളോട് മതപരമായ അദ്ധ്യക്ഷന്മാർ ദയവില്ലാതെയാണ് പെരുമാറിയിരുന്നത്. ന്യായപ്രമാണം പാപിക്കു മരണമാണ് വിധി

ച്ചിരുന്നത്. കർത്താവ് പാപിയെ പ്രതാപത്തോടെയാണ് കണക്കാക്കിയത്. അവൻ അവളുടെ പാപത്തെ കുറ്റം വിധിച്ചില്ല ("ഇനി പാപം ചെയ്യരുത്" എന്നാണ് അവൻ അവളോട് പറഞ്ഞത്); എന്നാൽ അവൻ അവളോട് കരുണ കാണിച്ചുകൊണ്ട്, അവൾക്ക് രണ്ടാമത് ഒരവസരവും കൊടുത്തു. നമുക്ക് എല്ലാവർക്കും കരുണയും രണ്ടാമത് ഒരവസരവും ആവശ്യമാണ്, അല്ലേ?

**ഉപസംഹാരം**

ജീവിതത്തെ–മാറ്റുന്ന ധാരാളം തത്വങ്ങൾ നിറഞ്ഞിരിക്കയാണ് ഈ പാഠത്തിൽ. അവയിൽ നാലെണ്ണം നമുക്ക് പുനഃപരിശോധിക്കാം:

- യേശു ദൈവം അല്ലെങ്കിൽ, അവൻ നല്ലവനുമല്ല (യോഹന്നാൻ 7:12). അവൻ ദൈവപുത്രനാണെന്നു വിശ്വസിക്കണോ വേണ്ടയോ എന്ന് ഓരോരുത്തരും തീരുമാനിക്കണം.
- യേശു സ്വർഗത്തിലുള്ള തന്റെ പിതാവിങ്കലേക്കു മടങ്ങിപോയി; നാം അവനെ വിശ്വസിച്ചില്ലെങ്കിൽ, അവൻ ആയിരിക്കുന്നേടത്തേക്ക് നമുക്ക് പോകുവാൻ സാധ്യമല്ല (യോഹന്നാൻ 7:33, 34; 8:21, 24).
- നാം യേശുവിൽ വിശ്വസിച്ച് അവന്റെ ഇഷ്ടത്തിനു നമ്മെ ഏല്പിച്ചുകൊടുത്താൽ, അവൻ അവന്റെ ആത്മാവിനെ നമ്മിൽ തരികയും നമ്മുടെ ജീവിതത്തെ അനുഗ്രഹിക്കയും ചെയ്യും (യോഹന്നാൻ 7:37–39; പ്രവൃത്തികൾ 2:38 നോക്കുക).
- നാം അവങ്കലേക്ക് പ്രാർത്ഥനയാലും പശ്ചാത്താപത്താലും മടങ്ങിവന്നാൽ (പ്രവൃത്തികൾ 8:22; 1 യോഹന്നാൻ 1:9) ക്രിസ്ത്യാനികളുടെ ജീവിതം കുഴപ്പത്തിൽ അകപ്പെട്ടുപോയാൽ പോലും, അവൻ നമുക്ക് മറ്റൊരവസരം കൂടെ നല്കും (യോഹന്നാൻ 8:11).

കഴിഞ്ഞകാല പാപങ്ങളിൽനിന്നുള്ള രക്ഷക്കായി സ്നാനമേറ്റു കൊണ്ട് നിങ്ങൾ ക്രിസ്തുവിലുള്ള വിശ്വാസം ഇനിയും പ്രകടമാക്കിയിട്ടില്ലെങ്കിൽ (മർക്കൊസ് 16:15, 16), അതു ചെയ്യുവാനുള്ള സമയം ഇപ്പോഴാണ്. നിങ്ങൾ അവിശ്വസ്തനായി തീർന്ന ഒരു ദൈവപൈതലാണെങ്കിൽ, കർത്താവിങ്കലേക്ക് മടങ്ങി വരുവാനുള്ള സമയം ഇപ്പോഴാണ്. കൂടാരപ്പെരുന്നാളിലെ യേശുവിന്റെ പ്രസംഗം കേട്ടവർ മിക്കപേരും അവരുടെ രക്ഷ നഷ്ടമാക്കി; നിങ്ങളുടേത് നിങ്ങൾ നഷ്ടമാക്കരുത്!

**പ്രസംഗക്കുറിപ്പുകൾ**

ഈ പാഠത്തിനുള്ള വായനാഭാഗങ്ങൾ നിറയെ പ്രസംഗസാധ്യതകളാണുള്ളത്. ലൂക്കൊസ് 9:57–62 നെ ആസ്പദമാക്കി ഒരു പ്രസംഗം ("ആകുവാൻ–ഇരിക്കുന്ന ശിഷ്യന്മാർ") ഇതിനെ തുടർന്നു വരുന്നു, മറ്റൊരു പ്രസംഗം യോഹന്നാൻ 7:37–39 നെ ആസ്പദമാക്കിയും വരുന്നുണ്ട്.

മറ്റു സാധ്യതകളും നിങ്ങൾ തീർച്ചയായും കണ്ടെത്തും. യോഹന്നാൻ 7:46–നെ അടിസ്ഥാനമാക്കി പല വേദഭാഗ പ്രസംഗങ്ങൾ നടത്തിയിട്ടുണ്ട്: "ഈ മനുഷ്യനെ പോലെ ആരും ഒരിക്കലും സംസാരിച്ചിട്ടില്ല'' (കെജെവി): പാപം, ക്രിസ്തീയ ജീവിതം, വിവാഹം, രക്ഷ, നരകം എന്നീ വിഷയങ്ങളെ

കുറിച്ച് യേശു സംസാരിച്ചതുപോലെ ഒരു മനുഷ്യനും ഇതുവരെ സംസാരിച്ചിട്ടില്ല.

---

കുറിപ്പുകൾ

[1]*ക്രിസ്തുവിന്റെ ജീവിതം, 1*-ലെ "സുവിശേഷ വിവരണങ്ങളിൽ പ്രതിപാദിച്ച പഠനങ്ങൾ" എന്നതിൽ ക്രിസ്തുവിന്റെ ജീവിതത്തെ കുറിച്ചുള്ള ഒരു ചുരുങ്ങിയ ബാഹ്യരൂപരേഖ നൽകിയിട്ടുണ്ട്. [2]"ആരോഹണം" എന്ന വാക്കിൽ അവന്റെ മരണം, അടക്കം, ഉയിർത്തെഴുന്നേൽപ് എന്നിവ സംയോജിപ്പിച്ചിരിക്കുന്നു; അവൻ തന്റെ ഭൂമിയിലെ ദൗത്യം പൂർത്തിയാക്കുന്നതുവരെ സ്വർഗ്ഗാരോഹണമില്ല. [3]ഇതിനെ ഒരു തടാകത്തിലെ ചുഴലിയുടെ ശബ്ദവുമായി ചിത്രീകരിക്കാവുന്നതാണ്: അത് ചുറ്റിക്കറങ്ങിയാലും, തടാകത്തിന്റെ ചുഴിയുള്ള മദ്ധ്യഭാഗത്തേക്കു തന്നെ പോകുന്നു. [4]ദ ലിവിങ് ബൈബിൾ. [5]കെജെവിയിൽ "ഒരു സഹോദരൻ *നിന്നോടു* പിഴച്ചാൽ" (എംഫസിസ് മൈൻ) എന്നാണ്. അവസാന പ്രയോഗം, നല്ല കയ്യെഴുത്തു പ്രതികളിൽ ഇല്ല എങ്കിലും, ഈ ഭാഗത്തെ ശ്രദ്ധിക്കത്തക്കതാക്കുന്നു. എങ്ങനെയായാലും, വാക്യം 15–ൽ ആ പ്രയോഗം കാണാത്തതുകൊണ്ടു, വ്യക്തിപരമായ കാഴ്ച്ചപ്പാടിന് അപ്പുറമായി ആ വേദഭാഗം വിശാലമായ പ്രായോഗികത നൽകുന്നുണ്ട്, എന്നു മനസ്സിലാക്കുക. ഏതു സമയത്തും ഒരു സഹോദരൻ പാപത്തിൽ അകപ്പെട്ട് തന്റെ ആത്മാവു നഷ്ടപ്പെടുത്തുവാൻ ഇടയുണ്ട്, സ്നേഹത്തിൽ ആ സഹോദരന്റെ അടുക്കൽ പോകുവാനുള്ള ഉത്തരവാദിത്വം നമുക്കുണ്ട്. [6]ഗിരിപ്രഭാഷണത്തിൽ, നിന്റെ സഹോദരനോടു എതിരായി നിനക്ക് എന്തെങ്കിലും ഉണ്ടെങ്കിൽ എന്തു ചെയ്യണമെന്ന് വിശദമാക്കിയിരിക്കുന്നു: നിങ്ങൾ അവന്റെ അടുക്കൽ പോകണം (മത്തായി 5:23, 24). ഇവിടെ പറയുന്നത് ഒരു സഹോദരനോടു നിങ്ങൾക്ക് എന്തെങ്കിലും ഉണ്ടെങ്കിൽ നിങ്ങൾ എന്തു ചെയ്യണം എന്നതാണ്: നിങ്ങൾ അവന്റെ അടുക്കൽ പോകണം. ക്രിസ്ത്യാനികൾക്കുള്ളതുപോലെ എന്തെങ്കിലും വാദമോ തർക്കമോ രണ്ടു കക്ഷികൾക്കിടയിൽ ഉണ്ടെങ്കിൽ, അവർ രണ്ടുപേരും പോകണം ... രണ്ടുപേരും മദ്ധ്യഭാഗത്ത് എത്തിച്ചേരണം. എങ്ങനെയായാലും, ഒരു കക്ഷി ചെയ്യേണ്ടതു ചെയ്തില്ല എങ്കിൽ, അത് മറുകക്ഷിക്ക് ഒഴികഴിവായി എടുക്കാവുന്നതല്ല: നിങ്ങൾ ഇടർച്ച വരുത്തിയ ആളോ അനുഭവിക്കപ്പെട്ട ആളോ ആയാലും, നിങ്ങളാണ് അതു പരിഹരിക്കുവാൻ മറ്റേ ആളുടെ അടുക്കൽ പോകേണ്ടത്. [7]വർഷങ്ങളോളം ടെക്സാസിൽ, ക്വിൻലാനിലെ, ബോൾസ് ചിൽഡ്രൻസ് ഹോമിലെ സൂപ്രണ്ടായിരുന്നു ഗെയിൽ ഓലർ. ഓക്‌ളഹോമയിലെ, മിഡ്വെസ്റ്റ് സിറ്റിയിലുള്ള ഈസ്റ്റ് സൈഡ് ചർച്ച് ഓഫ് ക്രൈസ്റ്റിൽ വളരെ വർഷങ്ങൾക്കുമുൻപ് ഞാൻ കേട്ടതാണ് അദ്ദേഹത്തിന്റെ ഈ പ്രസ്താവന. [8]അടുത്ത വാക്യം അന്തർലീനമാക്കുന്നത് അവർ കേൾക്കുവാൻ മാത്രം പോകുകയല്ല എന്നാണ്. വാക്യം 17 പറയുന്നു, "അവൻ അവരെ കൂട്ടാക്കാഞ്ഞാൽ" – അവർ സംസാരിച്ച് രണ്ടുകക്ഷികളേയും തമ്മിൽ രമ്യപ്പെടുത്തുവാൻ പരിശ്രമിച്ചു എന്ന സൂചന അതിൽ കാണുന്നു. [9]"ചർച്ച്" എന്ന വാക്ക് സുവിശേഷ വിവരണങ്ങളിൽ രണ്ടു വേദഭാഗങ്ങളിൽ മാത്രമാണ് കാണപ്പെടുന്നത്: മത്തായി 16–ലും 18–ലും. ആദ്യം ഉപയോഗിച്ചിരിക്കുന്നത് സർവ്വദേശീയ അർത്ഥത്തിലാണ്. ആ വാക്ക് രണ്ടാമതു ഉപയോഗിച്ചിരിക്കുന്നത് പ്രാദേശിക ഇടവകയെ സൂചിപ്പിച്ചുകൊണ്ടാണ്. [10]ഒരു ഇടവകയിൽ മൂപ്പന്മാർ ഉണ്ടെങ്കിൽ, ആ ഇടവകയുടെ ആത്മീയ ക്ഷേമകാര്യങ്ങൾക്കെല്ലാം അവർ മുൻകൈ എടുക്കേണ്ടതാണ്.

[11]മത്തായി 18:15–17 ഒരുപക്ഷെ സഭയുടെ അച്ചടക്കത്തെ കുറിച്ചു ചോദ്യങ്ങൾ ഉയർത്തിയേക്കാം. സമയം അനുവദിക്കുമെങ്കിൽ, ഈ വിഷയത്തെ കുറിച്ച് നിങ്ങൾക്കു വേണമെങ്കിൽ മറ്റുവേദഭാഗങ്ങളും കൊണ്ടുവരാം, ഉദാഹരണമായി 1 കൊരിന്ത്യർ 5

(2 കൊരിന്ത്യർ 2:4–11 നോക്കുക); 2 തെസലൊനിക്യർ 3:6, 14, 15; 1 തിമൊഥെയൊസ് 5:20 ഉം റോമർ 16:17 ഉം). [12]വാക്യം 19–ലെ വാഗ്ദാനവും മത്തായി 16:19–ന്റെ അവസാന ഭാഗത്തു പത്രൊസിനോടു മുൻപു നൽകിയിട്ടുള്ള വാഗ്ദാനവും ഒന്നുതന്നെയാണ്. മത്തായി 18:19–ൽ ക്രിസ്തു അപ്പൊസ്തലന്മാരോടു ഇതു നേരിട്ടു സംസാരിക്കകൊണ്ടു, മിക്ക വ്യാഖ്യാതാക്കളും കരുതുന്നത് ആ വാഗ്ദാനം അവർക്കു മാത്രമായിരുന്നുള്ളൂ എന്നാണ്. സന്ദർഭത്തിൽ സഭയുടെ അച്ചടക്കത്തെ കുറിച്ചു പറയുക കൊണ്ട്, എങ്ങനെയായാലും, ഇടവകയുടെ പ്രവൃത്തിയെ സൂചിപ്പിച്ചും പൊതുവിൽ പ്രായോഗികത വരുത്താം. സ്വർഗ്ഗത്തിൽ "ബന്ധിക്കപ്പെട്ടിരിക്കുന്നതു" പോലെ ഒരു ഇടവക "യോജിച്ച്" ഇരുന്നാൽ (അതായത്, സ്വർഗ്ഗം അധികാരപ്പെടുത്തിയതുമാത്രം ചെയ്യൽ), പിന്നെ അവരുടെ പ്രവർത്തി ദൈവത്തെ–പ്രസാദിപ്പിക്കുന്നതാണ്. രണ്ടു ക്രിസ്ത്യാനികൾ എന്താഗ്രഹിച്ചു ദൈവത്തോടു ആവശ്യപ്പെട്ടാലും ദൈവം അതു നൽകും എന്ന യോഗ്യതയില്ലാത്ത വാഗ്ദാനമായി 18:19–നെ നാം എടുക്കരുത് (1 യോഹന്നാൻ 5:14). [13]പത്രൊസിനെ ഈ ചോദ്യം ചോദിക്കുവാൻ പ്രേരിപ്പിച്ച വസ്തുത യേശുവിന്റെ പ്രസംഗത്തെ തുടർന്നുണ്ടായ ചൂടുപിടിച്ച വാദങ്ങൾക്കിടയിൽ നടന്ന വിമർശനം അവനെ മുറിവേൽപ്പിച്ചുവോ എന്നു നാം അതിശയിക്കും. [14]മത്തായി 18:21–35 ന്റെ വിശദമായ പഠനത്തിന്, *യജമാനനെ കണ്ടെത്തുക* എന്ന പുസ്തകത്തിലെ "ഏഴു എഴുപതുവട്ടം" എന്ന പാഠം നോക്കുക. [15]*ക്രിസ്തുവിന്റെ ജീവിതം, 2*–ലെ "വടക്കു ഗലീലയിലേക്കു" എന്ന പാഠവും *ക്രിസ്തുവിന്റെ ജീവിതം 1*–ലെ "ക്രിസ്തുവരുന്നു" എന്ന പാഠവും നോക്കുക. [16]വലിയ ഗലീലാശുശ്രൂഷയുടെ അവസാനഭാഗത്തെ കുറിച്ചാണ് യോഹന്നാൻ പ്രത്യേകമായി പറയുന്നത്, എന്നാൽ ആ ശുശ്രൂഷകളെ എല്ലാം ചുരുക്കി പറയുവാനായി അവന്റെ വാക്കുകൾ ഉപയോഗിക്കാം. [17]എൻഎഎസ്ബി ഉപയോഗിച്ചിരിക്കുന്നത് "കൂടാരങ്ങളുടെ പെരുന്നാൾ" എന്നാണ്, അതു സ്വീകാര്യമായ തർജ്ജിമയാണ്, എന്നാൽ ഞാൻ ഉപയോഗിക്കുന്നത് ഏറ്റവും പരിചയമുള്ള "കൂടാരപ്പെരുന്നാൾ" എന്നാണ്. [18] *ക്രിസ്തുവിന്റെ ജീവിതം, 1*–ലെ "യെഹൂദന്മാരുടെ പെരുന്നാളുകൾ" എന്ന ചാർട്ടുനോക്കുക. [19]ആ പെരുന്നാളിനെ കുറിച്ചു കൂടുതൽ വിവരങ്ങൾക്ക്, ഈ പുസ്തകത്തിൽ അവസാനം കാണുന്ന "ശിഷ്യന്മാർ–ആകുവാൻ പോകുന്നവർ," എന്നതു നോക്കുക. [20] ഇവർ അർത്ഥസഹോദരന്മാരായിരുന്നു കാരണം യേശുവിനും അവർക്കും ഒരേ അമ്മ (മറിയ) ആയിരുന്നു, എന്നാൽ ഒരേ അപ്പൻ ആയിരുന്നില്ല (യേശുവിന്റെ അപ്പൻ ദൈവമായിരുന്നു; അവരുടെ അപ്പൻ യോസേഫായിരുന്നു). അവരുടെ പേരുകൾ യാക്കോബ്, യോസേഫ്, ശിമോൻ, യൂദാ എന്നിങ്ങനെ ആയിരുന്നു (മത്തായി 13:55 മർക്കൊസ് 6:3).

[21]അവർ പിന്നീടു അവനെ വിശ്വസിച്ചു (പ്രവൃത്തികൾ 1:14; 1 കൊരിന്ത്യർ 15:7 നോക്കുക); എന്നാൽ ആ സമയത്ത്, അവർ വിശ്വസിച്ചിരുന്നില്ല. [22]യേശു നുണ പറഞ്ഞിരുന്നില്ല (യോഹന്നാൻ 7:18 നോക്കുക). അവൻ സത്യത്തിന്റെ പ്രതീകമാണ്, അങ്ങനെ ആയിരുന്നു (യോഹന്നാൻ 14:6). [23]പിറവിയിലെ കുരുടനായിരുന്ന മനുഷ്യനെ സൗഖ്യമാക്കിയതാണ് കൂടാരപ്പെരുന്നാളുമായി ബന്ധപ്പെട്ടു രേഖപ്പെടുത്തിയിരിക്കുന്ന ഒരേ ഒരു അത്ഭുതം (യോഹന്നാൻ 9:1–41). [24]ഗ്രീക്കിൽ പല വാക്കുകൾ "സമയം" എന്ന് തർജ്ജിമ ചെയ്തിട്ടുണ്ട് ; യോഹന്നാൻ 7:6–ൽ ഉപയോഗിച്ചിരിക്കുന്നതിന്റെ അർത്ഥം "*ശരിയായ* സമയം" എന്നാണ്. എൻഐവി നോക്കുക. [25]കെജെവിയും മറ്റു പല തർജ്ജിമക്കാരും "യെറ്റ്" എന്ന വാക്ക് ഉൾപ്പെടുത്തിയിട്ടുണ്ട്. [26]വാരെൻ ഡബ്ളിയു. വിയേഴ്സ്ബേ, *ദ ബൈബിൾ എക്സ്പൊസിഷൻ കമെന്ററി,* വാല്യം. 1 (വീറ്റൺ, Ill.: വിക്റ്റർ ബുക്സ്, 1989), 315. [27]ശമര്യയിൽകൂടെ കടന്നുപോകുന്നതിനെ കുറിച്ചുള്ള പരാമർശത്തിന്, *ക്രിസ്തുവിന്റെ ജീവിതം, 2*–ലെ "ഗലീലക്ക് വടക്ക്" എന്ന പാഠം നോക്കുക. [28]കെജെവിയിൽ

ഉള്ളത് “ഈവൻ ആസ് ഏലിയാസ് [ഏലിയാവു] ഡിഡ്” എന്നാണ്. ആ വാക്കുകൾ, നല്ല പുരാതന കയ്യെഴുത്തു പ്രതികളിൽ ഇല്ലെങ്കിലും, യാക്കോബിന്റെയും യോഹന്നാന്റെയും ഉള്ളിലുണ്ടായിരുന്ന ചിന്ത വെളിപ്പെടുത്തിയിരുന്നു. ആ അപ്പൊസ്തലന്മാർക്ക് സ്വർഗ്ഗത്തിൽ നിന്ന് തീവരുത്തുവാൻ *കഴിയുമായിരുന്നോ?* നമുക്കറിയില്ല, എന്നാൽ തീർച്ചയായും കർത്താവിന്റെ ഇഷ്ടം അതാണെ*ങ്കിൽ* അതു അവർക്കു സാധിക്കുമെന്ന് അവർ *കരുതിയിരുന്നു*. [29]കെജെവിയിലെ യേശുവിന്റെ ശാസനയെ കുറിച്ചുള്ള ചുരുക്ക വിവരണത്തിൽ “മനുഷ്യപുത്രൻ വന്നത് മനുഷ്യരെ നശിപ്പിക്കുന്നതിന് അല്ല, മറിച്ച് അവരെ രക്ഷിക്കേണ്ടതിനത്രെ” എന്ന വാക്കുകൾ ഉൾപ്പെടുന്നു. ആ വാക്കുകൾ, എൻഎഎസ്ബിയിൽ ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്നതു, നല്ല കയ്യെഴുത്തു പ്രതികളിൽ കാണുന്നില്ല. [30]ഇതിനെ മത്തായി 8:19–22 മായി താരതമ്യം ചെയ്യുക. ലൂക്കൊസ് 9:57–62–ന്റെ വിശദീകരണത്തിന്, ഈ പുസ്തകത്തിൽ പിന്നീടുവരുന്ന, “ശിഷ്യന്മാർ ആകുവാൻ–ഇരിക്കുന്നവർ” നോക്കുക.

[31]ശിഷ്യന്മാർ ആകുവാൻ–ഇരിക്കുന്നവരോടു യേശു തനിക്ക് ആവശ്യമില്ല ഒന്നും ആവശ്യപ്പെടുകയോ ചോദിക്കുകയോ ചെയ്തില്ല. അവൻ “കലപ്പക്കു കൈവെച്ചശേഷം” പുറകോട്ടു നോക്കിയില്ല (ലൂക്കൊസ് 9:62). [32]ആ സമയത്ത് യെരുശലേമിൽ ഉണ്ടായിരുന്നവർ മിക്കവരും യെഹൂദന്മാർ ആയിരുന്നതുകൊണ്ട് ഇതു വിചിത്രമായി തോന്നാം; എന്നാൽ വാക്യം 13 ശ്രദ്ധിക്കുക, അവിടെ *“യെഹൂദന്മാരെ”* ഭയപ്പെട്ടു *യെഹൂദന്മാർ* ഒന്നും പറഞ്ഞില്ല. [33]“മഹാപുരോഹിതന്മാർ” മുഖ്യമായും സദൂക്യർ ആയിരുന്നു.

**യെരുശലേമിലെ യെഹൂദന്മാർ**
**(യോഹന്നാൻ 7:10-52)**

| **യെരുശലേമിലെ മതാധികാരികൾ** | **യെരുശലേമിൽ ഭവനമുണ്ടായിരുന്നവർ** | **സമ്മിശ്ര പുരുഷാരം (കൂടുതലും മറ്റു സ്ഥലങ്ങളിൽ നിന്നുമുള്ള തീർത്ഥാടകർ)** |
|---|---|---|
| “മഹാപുരോഹിതന്മാരും പരീശന്മാരും” (വാ. 32, 45) | “യെരുശലേമിൽ ചിലർ” (വാ. 25) | “പുരുഷാരം” (വാ. 20, 31, 32, 43) |
| “പരീശന്മാർ” (വാ. 47, 48) | | “പുരുഷാരം” (വാ. 12) |
| “യെഹൂദന്മാർ” (വാ. 13, 15, 31) | | “പുരുഷാരം” (വാ. 40) |

---

[34]അവൻ ഗലീലിയിൽ ചെയ്ത അത്ഭുതങ്ങളെ കുറിച്ചു പുരുഷാരം ഒരുപക്ഷെ കേട്ടിരിക്കാം. കൂടാതെ, യേശു യെരുശലേമിലേക്കുള്ള യാത്രയിൽ ഒരു കുളത്തിനരികെ വെച്ചു ഒരു മുടന്തനെ സൗഖ്യമാക്കിയപ്പോൾ ഉയർന്ന വിവാദം അവർ മറന്നിട്ടില്ലായിരുന്നു (യോഹന്നാൻ 7:21–23; യോഹന്നാൻ 5 നോക്കുക). [35]പെരുന്നാളിനിടയിൽ യേശു മുടന്തനെ സൗഖ്യമാക്കിയതാണ് മുൻപ് രേഖപ്പെടുത്തിയിരിക്കുന്നത് (യോഹന്നാൻ 5:1) – ഒരുപക്ഷെ 1½ വർഷം മുൻപുനടന്ന പെസഹാപെരുന്നാളിലാകാം. [36]മുൻപു യേശു യെരുശലേമിൽ വന്നോ ഇല്ലയോ എന്നു വേദഭാഗം പറയുന്നില്ല. അവൻ ദേവാലയത്തിലേക്കു പോയപ്പോൾ അവിടെ വന്നുവെന്ന് നമുക്ക് ഊ ഹിക്കാം. [37]അവൻ ഒരുപക്ഷെ ശലോ ോമോന്റെ മണ്ഡപത്തിലേക്കു പോയിരിക്കാം (യോഹന്നാൻ 10:23; പ്രവൃത്തികൾ 3:11

നോക്കുക). ചിലർ വിചാരിക്കുന്നത് യോഹന്നാൻ 7:14 മലാഖീ 3:1–ന്റെ നിവർത്തീകരണമാണ് എന്നത്രേ. [38]യേശുവിന്റെ ഉപദേശം എല്ലായ്പ്പോഴും ആളുകളെ വിസ്മയിപ്പിച്ചു (നോക്കുക മത്തായി 7:28, 29; 22:33; മർക്കൊസ് 1:22; യോഹന്നാൻ 7:46). [39]നസ്റേത്തിലുള്ള ആളുകൾ യേശുവിനോടു പ്രതികരിച്ചതു ചിന്തിക്കുക (മത്തായി 13:54). [40]എട്ടാം നാളിലായിരുന്നു യെഹൂദന്മാരായ ആൺകുട്ടികളെ പരിച്ഛേദന കഴിപ്പിച്ചിരുന്നത് (ലേവ്യാപുസ്തകം 12:3), എട്ടാം നാൾ ശബ്ബത്തിൽ വന്നാൽപോലും അങ്ങനെയായിരുന്നു.

[41]യേശു തന്റെ പ്രസ്താവനയിൽ വിരോധാഭാസം പ്രയോഗിക്കുന്നു "നിങ്ങൾ എന്നെ അറിയുകയും ഞാൻ എവിടേക്കുപോകുന്നുവെന്ന് അറിയുകയും ചെയ്യുന്നു" (യോഹന്നാൻ 7:28). [42]വാക്യം 35 പറയുന്നു, "… അവൻ യവനന്മാരുടെ ഇടയിലേക്കു പോകുവാൻ ഉദ്ദേശിച്ചിരുന്നില്ല, യവനന്മാരെ ഉപദേശിക്കുവാനും, അല്ലേ?" "ഡിസ്പേർഷൻ" എന്ന ഗ്രീക്ക് പദം സെപ്റ്റ്വജിന്റിൽ ഉപയോഗിച്ചിരിക്കുന്നത് ജാതികൾക്കിടയിൽ ചിതറിപ്പോയ യെഹൂദന്മാരെ കുറിച്ചു പറയുവാനാണ്. [43]മൂലഗ്രന്ഥത്തിൽ "ബെല്ലി" എന്നാണ് (കെജെവി നോക്കുക), എന്നാൽ "ഇന്നർമോസ്റ്റ് ബീയിങ്" എന്നതു ആശയം വ്യക്തമാക്കുന്നു. [44]വാക്യം 37 മുതൽ 39 വരെ പറയുന്നതിന്റെ വിശദീകരണത്തിന്, ഈ പുസ്തകത്തിൽ പിന്നീടുവരുന്ന "ജീവജലം," നോക്കുക. [45]പുരുഷാരത്തിന് ന്യായപ്രമാണം അറിയുകയില്ല എന്ന് അവർ പറഞ്ഞു. കൂടാതെ പുരുഷാരത്തിലുള്ളവർ "ശപിക്കപ്പെട്ടവർ" ആണെന്നും പറഞ്ഞു. ദൈവകൽപനയെ അനുസരിക്കാതിരിക്കുന്നവർ ശപിക്കപ്പെട്ടവരാണ് എന്ന് ന്യായപ്രമാണം പറയുന്നു (ആവർത്തനപുസ്തകം 27:26 നോക്കുക). വിശ്വാസികളല്ല, തങ്ങളാണ് അനുസരിക്കാതിരിക്കുന്നത് എന്ന്, ദുരഭിമാനത്താൽ അവർക്കു കാണുവാൻ കഴിഞ്ഞില്ല. [46]ചുരുങ്ങിയത് ഒരു പ്രവാചകൻ എങ്കിലും ഗലീലിയിൽ നിന്നു വന്നിട്ടുണ്ട്: യോനാ (2 രാജാക്കന്മാർ 14:25). യേശു എവിടെ നിന്നു വന്നു എന്നതിനെ കുറിച്ചും പഴയ നിയമത്തെ കുറിച്ചും തങ്ങൾ അജ്ഞരാണെന്നു പരീശന്മാർ വെളിപ്പെടുത്തി. പിന്നിടു, യോഹന്നാൻ 9:29–ൽ, അവൻ എവിടുന്നായിരുന്നുവെന്ന് അവർക്ക് ഒരുപിടിയുമില്ല എന്ന് അവർ സമ്മതിക്കയുണ്ടായി. [47]നിക്കൊദേമോസ് അവന്റെ വിശ്വാസം ഏറ്റുപറഞ്ഞില്ല, എന്നാൽ ചുരുങ്ങിയത് അവൻ പരസ്യമായി കർത്താവിനുവേണ്ടി സംസാരിച്ചു. യോഹന്നാൻ 3–ൽ അവൻ പ്രതികരിച്ചതുകൊണ്ട് അവന്റെ വിശ്വാസത്തിൽ പുരോഗതി ഉണ്ടായി. [48]ഇതിനിടയിൽ, ദൈവകരുണയാൽ അവൻ സംരക്ഷിക്കപ്പെട്ടു. ഈ സമയത്ത്, പുരുഷാരത്തിൽ ചിലർ അവനിൽ വിശ്വസിച്ചു എന്ന വസ്തുതയാൽ യേശുവിന്റെ ശത്രുക്കൾ സംയമനം പാലിച്ചു. [49]ഒലിവുമല കെദ്രോൻ നദിയുടെ അപ്പുറമായി, പട്ടണത്തിന്റെ കിഴക്കുവശത്തായിരുന്നു. [50]അവൻ എഴുതിയത് എന്താണെന്നു വേദപുസ്തകം പറയുന്നില്ല, ഊഹിക്കുന്നത് അർത്ഥശൂന്യവുമാണ്.